# സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം

# കരട് രേഖ

**കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മാണത്തിനായി പത്തനാപുരം വില്ലേജിൽ നിന്ന് ഭൂമി ഏറ്റെടുക്കൽ**

**കൊല്ലം ജില്ലാ കളക്ടർ ചുമതലപ്പെടുത്തിയത്**

***അർത്ഥനാധികാരി***

**എക്സിക്യൂട്ടീവ് എഞ്ചിനീയർ**
പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം)
കൊല്ലം

***ഭൂമി ഏറ്റെടുക്കൽ ഉദ്യോഗസ്ഥൻ***

**സ്പെഷ്യൽ തഹസിൽദാർ (എൽ.എ.)**
നമ്പർ 2 കൊല്ലം

## സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റ്


**രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്**
**രാജഗിരി.പി.ഒ. കളമശേരി, പിൻ: 683 104**
**ഫോൺ: 0484 2911332/2550785**
rajagirisia@gmail.com
www.rajagiri.edu


**സെപ്തംബർ 28, 2025**

## ഉള്ളടക്കം


**അദ്ധ്യായം 1: പഠനത്തിൻെറ സംക്ഷിപ്ത രൂപം**

1.1. പദ്ധതിയും പൊതു ആവശ്യവും

1.2. പദ്ധതി പ്രദേശം

1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

1.4. പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

1.5. സാമൂഹ്യ പ്രത്യാഘാതങ്ങൾ

1.6. ലഘൂകരണ നടപടികൾ

**അദ്ധ്യായം 2: പദ്ധതിയുടെ വിശദവിവരങ്ങൾ**

2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത

2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി

2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാത വിലയിരുത്തൽ / സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ

2.10. ബാധകമായ നിയമങ്ങളും നയങ്ങളും

**അദ്ധ്യായം 3: പഠന സംഘം, പഠന സമീപനം, പദ്ധതി ശാസ്ത്രം**

3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.

3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെ ക്കുറിച്ചുമുള്ള അവലോകനം

3.5. തൽപ്പര കക്ഷികളുമായുള്ള കൂടിയാലോചന, പബ്ലിക് ഹിയറങ്ങ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ

**അദ്ധ്യായം 4: സ്ഥലത്തിൻെറ മൂല്യ നിർണ്ണയം**

4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം (ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)

4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

4.5. നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതിപ്രകാരമുള്ള ഉപയോഗം.

4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ അളവും പ്രദേശവും

4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷിഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ

4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം.

4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും വിലയും, ഉപയോഗവും

**അദ്ധ്യായം 5: ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്.**

5.1. കുടുംബങ്ങളുടെ എണ്ണം

5.1.1.പ്രത്യക്ഷ പ്രത്യാഘാതബാധിത കുടുംബങ്ങൾ (സ്വന്തം ഭൂമി നഷ്ടപ്പെടുന്നവർ)

5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതുമൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

5.4. കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

5.5. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

5.6.1 പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ (ഏറ്റെടുക്കപ്പെടുന്നത് സ്വന്തം ഭൂമിയല്ലെങ്കിലും പരോക്ഷമായി ആഘാതബാധിതരാകുന്നവർ)

5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

## അദ്ധ്യായം 6: സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക രൂപരേഖ (പദ്ധതിപ്രദേശവും പുനഃസ്ഥാപനപ്രദേശവും)

6.1. പദ്ധതിപ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

6.2. വരുമാനവും ദാരിദ്ര്യതലവും

6.3. ദുർബ്ബലജനവിഭാഗം

6.4. ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

6.8. ഭരണ സംഘടനകൾ

6.9. രാഷ്ട്രീയ സംഘടനകൾ

6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

6.11 പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ.

6.12 ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

## അദ്ധ്യായം 7: സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ ആസൂത്രണം

7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപനത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടി ക്രമങ്ങൾ

7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

7.5. സാമൂഹ്യപ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി.

7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.

## അദ്ധ്യായം 8: സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി സ്ഥാപന സംവിധാനം

8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക

8.3. സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക

8.4. ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം

## അദ്ധ്യായം 9 :സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

9.1. പുനരധിവാസത്തിനും പുനസ്ഥാപനത്തിനും വേണ്ടി വരുന്ന ചിലവ്

9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

**അദ്ധ്യായം 10: സാമൂഹ്യ പ്രത്യഘാത ദുരീകരണ പദ്ധതി –മേൽനോട്ടവും മൂല്യനിർണ്ണയവും**

10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

10.2. റിപ്പോർട്ടിങ്ങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

**അദ്ധ്യായം 11 : നേട്ടങ്ങളും നഷ്ടങ്ങളും– അപഗ്രഥനം, ശുപാർശകൾ**

11.1. പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യപ്രത്യാഘാതത്തിന്റെ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

**പട്ടികകൾ**

1.3.1. പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം

1.5.1. പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യപ്രത്യാഘാതങ്ങൾ

1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും

3.1.1. പഠനസംഘം

3.2.1. പഠനത്തിന്റെ വിവിധ ഘട്ടങ്ങൾ

5.1.1. ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ

7.6.1. സാമൂഹ്യപ്രത്യാഘാത ലഘൂകരണ പദ്ധതി

# ആമുഖം

കേരളത്തിൽ സാമൂഹ്യ പ്രവർത്തന വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ച സ്ഥാപനങ്ങളി ലൊന്നാണ് എറണാകുളം ജില്ലയിലെ കളമശേരിയിൽ CMI തിരുഹൃദയ പ്രോവിൻസിൻെറ നേതൃത്വത്തിൽ സ്ഥാപിതമായിട്ടുള്ള രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്. വിദ്യാഭ്യാസത്തോടൊപ്പം, വിവിധ വിഷയങ്ങളിലുള്ള ഗവേഷണ പഠനങ്ങൾ, പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങൾ തുടങ്ങിയവയും പ്രായോഗിക തലത്തിലുള്ള സാമൂഹ്യ പ്രവർ ത്തനങ്ങളും രാജഗിരി കോളേജ് നടപ്പിലാക്കിവരുന്നു. RFCTLARR 2013 നിയമം അനുസരിച്ച് നടപ്പിലാക്കപ്പെടുന്ന ഭൂമി ഏറ്റെടുക്കൽ പദ്ധതികളുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പിൻെറ അംഗീകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസിന് ലഭിച്ചിട്ടുണ്ട്.

ജുലൈ 26 തീയതിയിലെ 2765 നമ്പർ-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജുലൈ 25-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/3363/2022/LA3 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് **പത്തനാപുരം ബൈപ്പാസ്** നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്ന പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് കളമശേരിയെ ചുമതലപ്പെടുത്തിയതനുസരിച്ച് നടത്തിയ പഠനത്തിൻെറ അന്തിമ രേഖയാണിത്. കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ 2015 ൻെറ ചട്ടം 15(5) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത ലഘൂകരണ നിർവ്വഹണ ആസൂത്രണവും പ്രത്യേകം അവസാന അദ്ധ്യായമായി (അദ്ധ്യായം:11) ഉൾപ്പെ ടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ അന്തിമ രേഖ ഫോറം നമ്പർ 6 ൽ തയ്യാറാക്കിയിട്ടുള്ളത്.

**ഡോ. (ഫാ) സാജു എം.ഡി**
**പ്രിൻസിപ്പാൾ & ചെയർപേഴ്സൺ (SIA)0**

# അദ്ധ്യായം 1

# പഠനത്തിൻെറ സംക്ഷിപ്ത രൂപം

## 1.1. പദ്ധതിയും പൊതു ആവശ്യവും

ഏതൊരു സംസ്ഥാനത്തിൻെറയും പട്ടണത്തിൻെറയും ഗതാഗത സംവിധാനത്തിൻെറ അവിഭാജ്യഘടകമാണ് ഗതാഗത അനുബന്ധ സൗകര്യങ്ങൾ. ഒരു സംസ്ഥാനത്തിൻെറയോ നഗരത്തിൻെറയോ പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങളെ ഗതാഗതം പ്രതിബിംബിപ്പിക്കുന്നു. വികസനത്തിൻെറ ഈ ആവശ്യം കണക്കിലെടുത്തു കൊണ്ടാണ് സർക്കാർ സംസ്ഥാനത്തിൻെറ വിവിധ ജില്ലകളിൽ ഗതാഗത അനുബന്ധ സൗകര്യങ്ങളുടെ വികസനം നടപ്പിലാക്കുന്നത്. രാജ്യത്തിൻെറ വികസനം എന്നത് അടിസ്ഥാന സൗകര്യങ്ങളുടെ വളർച്ചയെ ആശ്രയിച്ചാണിരിക്കുന്നത്. ഒരു രാജ്യത്തിൻെറ അടിസ്ഥാന വികസനത്തിൽ പ്രധാന പങ്കു വഹിക്കുന്നത് ഗതാഗത മേഖല ആണ്. ആയതിനാൽ, ജനസഞ്ചാരത്തിനും ചരക്കുകളുടെയും വ്യവസായ ഉൽപന്നങ്ങളുടെയും ഗതാഗതത്തിന് അനുയോജ്യമായ പാലങ്ങൾ, റോഡ് സൗകര്യം എന്നിവ ഉണ്ടായിരിക്കുക അത്യന്താപേക്ഷിതമാണ്.

സംസ്ഥാനത്ത് കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ ബൈപ്പാസ് നിർമ്മിക്കുന്നതാണ് നിലവിലെ പദ്ധതി. പത്തനംതിട്ട, അടൂർ, തെങ്കാശി, പുനലൂർ, കൊട്ടാരക്കര തുടങ്ങിയ പ്രധാന നഗരങ്ങളിലേക്ക് യാത്ര സാധ്യമാക്കുന്ന പത്തനാപുരം ടൗണിൽ നിലവിലുള്ള ഗതാഗതകുരുക്ക് കുറയ്ക്കുകയും, മേൽപറഞ്ഞ നഗരങ്ങളിലേക്കുൾപ്പെടെയുള്ള സഞ്ചാരം സുഗമമാക്കുകയും, നഗരത്തിലെ കച്ചവട സാധ്യതകൾ ഉയർത്തുകയുമാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്.

നിർദ്ധിഷ്ട പദ്ധതി, അതായത് പത്തനാപുരം ബൈപ്പാസ് പുനലൂർ മൂവാറ്റുപുഴ റോഡിൽ കല്ലുകടവ് പാലം കഴിഞ്ഞ് ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പിൻെറ മുന്നിൽ നിന്നും ആരംഭിച്ച് കേരള വാട്ടർ അതോറിറ്റി ഓഫീസ് വഴി സീമ തീയറ്ററിനു സമീപത്തുകൂടി വന്ന് ബഥേൽ ഗോസ്പൽ അസംബ്ലി ഹെഡ് ഓഫീസിനു സമീപമുള്ള ഏ വൺ വാട്ടർ സർവ്വീസ് സെൻറർ ഭാഗത്തായി പുനലൂർ മൂവാറ്റുപുഴ റോഡിൽ തന്നെ അവസാനിക്കുന്നു.

രാവിലെയും വൈകുന്നേരങ്ങളുമുൾപ്പെടെ പത്തനാപുരം നഗരത്തിൽ അനുഭവപ്പെടുന്ന അനിയന്ത്രിതമായ തിരക്ക് കുറക്കാൻ നിർദ്ധിഷ്ട ബൈപ്പാസിനു സാധിക്കുമെന്നാണ് വിലയിരുത്തപ്പെടുന്നത്. പത്തനംതിട്ട, അടൂർ ഭാഗത്തു നിന്നും പുനലൂർ, കൊട്ടാരക്കര മുതലായ സ്ഥലങ്ങളിലേക്ക് പോകുന്നവർക്ക് പത്തനാപുരം ടൗണിലെ തിരക്കിൽപെടാതെ പോകാനാകും എന്നതും, കൂടാതെ ശബരിമല തീർഥാടന കാലത്ത് തെങ്കാശി, പുനലൂർ, കൊട്ടാരക്കര ഭാഗത്തു നിന്നു വരുന്ന തീർത്ഥാടകർക്കും പത്തനാപുരം ടൗൺ കയറാതെ പത്തനംതിട്ടക്ക് പോകാനാകും എന്നതുമാണ് നിർദ്ദിഷ്ട പദ്ധതിയുടെ പ്രധാന പ്രയോജനം. നിർദ്ദിഷ്ട ബൈപ്പാസ് യാഥാർത്യമാകുന്നതോടെ പത്തനാപുരം നഗരത്തിലും അനുബന്ധ റോഡുകളിലും അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് കുറയ്ക്കുവാനും കാൽനടയാത്രക്കാരുടെ ഉൾപ്പെടെ സഞ്ചാര സ്വാതന്ത്രം സുഗമമാക്കുവാനും സാധിക്കും.

പദ്ധതിയുടെ ഭാഗമായി ഭാഗമായി 1.8 കിലോമീറ്റർ നീളത്തിലും 7.5 മീറ്റർ വീതിയിലുമായി റോഡ് നിർമ്മിക്കുന്നതിനായി പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)b(i) പ്രകാരം നിർദ്ദിഷ്ട പദ്ധതി പൊതു ആവശ്യങ്ങളിൽ ഉൾപ്പെടുന്നു.

### 1.2. പദ്ധതി പ്രദേശം

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നുള്ള പ്രദേശങ്ങളാണ്. പദ്ധതി പ്രദേശം പത്തനാപുരം പഞ്ചായത്തിലെ 17, 18 വാർഡുകളിൽ ഉൾപ്പെടുന്നവയാണ്

### 1.3. ഭൂമി ഏറ്റെടുക്കുന്നതിൻെറ വ്യാപ്തിയും സ്വഭാവവും

ജുലൈ 26 തീയതിയിലെ 2765 നമ്പർ-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജുലൈ 25-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/3363/2022/LA3 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് പത്തനാപുരം ബൈപ്പാസ് നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നു

പ്രസ്തുത വിജ്ഞാപനത്തിൽ ചേർത്തിരിക്കുന്ന സ്ഥലവിവരങ്ങൾ പട്ടിക 1.3.1. ൽ പ്രതിപാദിക്കുന്നു.

**പട്ടിക 1.3.1.: പദ്ധതിയ്ക്ക് വേണ്ടി ഏറ്റെടുക്കപ്പെടുന്ന സ്ഥലം**

**ജില്ല : കൊല്ലം** **താലൂക്ക്: പത്തനാപുരം**

| ക്രമ നം. | സർവ്വേ നമ്പർ | ഭൂമിയുടെ തരം | ഏകദേശ വിസ്തീർണ്ണം | |
|---|---|---|---|---|
| | | | സെൻറ് | ആർ |
| 1 | 409/1-2-6, 409/1-2-3-2 | പുരയിടം | 0.248 | 0.10 |
| 2 | 409/01/3/5, 417/3 | “ | 14.47 | 5.85 |
| 3 | 417/3, 409/01/3/6 | “ | 5.254 | 2.12 |
| 4 | 417-2 | “ | 18.20 | 7.36 |
| 5 | 417/2 | “ | 10.291 | 4.16 |
| 6 | 417/3 | “ | 3.727 | 1.50 |
| 7 | 417/1/1 | “ | 3.761 | 1.52 |
| 8 | 417/1/2 | “ | 5.301 | 2.14 |
| 9 | 418/8-1 | “ | 0.482 | 0.19 |
| 10 | 415/7 | “ | 2.560 | 1.03 |
| 11 | 415/7-1 | “ | 7.747 | 3.13 |
| 12 | 415/7-2 | “ | 12.614 | 5.10 |
| 13 | 414/5 | “ | 1.090 | 0.44 |
| 14 | 414/1-2 | “ | 1.018 | 0.41 |
| 15 | 414/1-1 | “ | 1.114 | 0.45 |
| 16 | 433/1/14 | “ | 0.614 | 0.24 |
| 17 | 414/1-3 | “ | 0.377 | 0.15 |
| 18 | 415/7 | “ | 0.677 | 0.27 |
| 19 | 433/1-7-3 | “ | 0.344 | 0.13 |
| 20 | 433/1-14-1-2-3 | “ | 0.409 | 0.16 |

| | | | | |
|---|---|---|---|---|
| 21 | 433/73 | " | 0.732 | 0.29 |
| 22 | 433/1/14 | " | 0.551 | 0.22 |
| 23 | 433/1-2 | " | 0.512 | 0.20 |
| 24 | 433/1/15-A | " | 0.500 | 0.20 |
| 25 | 433/1-15-A 36-8-1 | " | 0.188 | 0.07 |
| 26 | 433/2/14 | " | 0.400 | 0.16 |
| 27 | 433/3/14 | " | 0.307 | 0.12 |
| 28 | 433/1/14 | " | 0.406 | 0.16 |
| 29 | 433/1/56 | " | 0.460 | 0.18 |
| 30 | 433/56 | " | 0.417 | 0.16 |
| 31 | 433/56/2 | " | 0.467 | 0.18 |
| 32 | 433/13,16 | " | 1.124 | 0.45 |
| 33 | 433/1/13 | " | 1.257 | 0.50 |
| 34 | 415/7/7 | " | 0.909 | 0.36 |
| 35 | 415/3/19 | " | 0.415 | 0.16 |
| 36 | 415/3/19 | " | 0.602 | 0.24 |
| 37 | 443/1/18/45/5,<br>443/1/12B/89/93 | " | 0.972 | 0.39 |
| 38 | 414/1 | " | 1.380 | 0.55 |
| 39 | 414/1 | " | 60.902 | 24.65 |
| 40 | 414/1/3 | " | 3.917 | 1.58 |
| 41 | 415/3 | " | 17.725 | 7.17 |
| 42 | 412/10 | " | 7.007 | 2.83 |
| 43 | 412/10 | " | 1.677 | 0.67 |
| 44 | 412/11 | " | 1.877 | 0.75 |
| 45 | 412/11 | " | 7.00 | 2.83 |
| 46 | 412/12 | " | 10.643 | 4.30 |

| | | | | |
|---|---|---|---|---|
| 47 | 472/20 | " | 9.879 | 3.99 |
| 48 | 472/25,26,27,28,29,36 | " | 16.987 | 6.87 |
| 49 | 472/1, 474/1 | " | 0.430 | 0.17 |
| 50 | 472/1 | " | 2.773 | 1.12 |
| | **ആകെ** | | **242.713** | **97.97** |

### 1.4 പരിഗണിക്കപ്പെട്ട ഇതര മാർഗ്ഗങ്ങൾ

പ്രാരംഭഘട്ടത്തിൽ പദ്ധതിക്കായി മറ്റു മാർഗങ്ങൾ പരിഗണിക്കപ്പെട്ടതിനു ശേഷമാണ് ഏറ്റവും കുറവ് പ്രത്യാഘാതങ്ങളും നിർമ്മാണ ചെലവ് കുറഞ്ഞതുമായി നിലവിലെ അലൈന്മെൻറ് തീരുമാനിക്കപ്പെട്ടതെന്നു അർത്ഥനാധികാരി വെളിപ്പെടുത്തി.

### 1.5 സാമൂഹ്യ പ്രത്യാഘാതങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി പത്തനാപുരം വില്ലേജിൽ നിന്ന് സ്ഥലം ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും സമീപപ്രദേശത്ത് ജീവിക്കുന്ന ഏതാനും കുടുംബങ്ങൾക്കും പദ്ധതി പ്രദേശത്ത് ഉപജീവനം നടത്തുന്ന വാടകക്കാർക്കും തൊഴിലാളികൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു.

പദ്ധതിയുടെ പ്രത്യാഘാതങ്ങൾ വിലയിരുത്തുന്നതിനു വേണ്ടി പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും ഭൂവുടമകളെ നേരിട്ടും ടെലിഫോൺ മുഖാന്തിരവും ബന്ധപ്പെട്ട് സാമൂഹ്യ– സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു. പത്തനാപുരം വില്ലേജിലെ 50 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം ഇത്തരത്തിൽ വിവരശേഖരണം നടത്തിയത്. പഠന സംഘം വിവരങ്ങൾ ശേഖരിച്ച കുടുംബങ്ങളിൽ നിന്നും 1 കുടുംബത്തിൻെറ വീട് ഭാഗികമായി പദ്ധതി ബാധിതമാകും. കൈവശ ഭൂമിയുടെ അളവ് കുറയുക, ചുറ്റുമതിൽ, ഗേറ്റ്, ശൗചാലയം, കിണർ, കുഴൽ കിണർ മറ്റ് അനുബന്ധ സൗകര്യങ്ങൾ നഷ്ടപ്പെടുക, ഉപജീവന മാർഗ്ഗങ്ങളായ കടകൾ ബാധിതമാകുക, റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറി കൃഷികൾ നഷ്ടപ്പെടുക, എന്നിവയാണ് പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ പൊതുവിൽ ഉണ്ടാകുവാനിടയുണ്ടെന്ന് പഠന സംഘം മനസിലാക്കിയ ഏറ്റവും പ്രധാനപ്പെട്ട സാമൂഹ്യ പ്രത്യാഘാതങ്ങൾ. പഠനത്തിൽ പങ്കെടുത്തവർ നൽകിയ

വിവരമനുസരിച്ച് ഓരോ ഭൂവുടമക്കും നേരിടേണ്ടി വരുന്ന പ്രത്യാഘാതങ്ങൾ പട്ടികയായി ചുവടെ ചേർക്കുന്നു.

*പട്ടിക 1.5.1: പദ്ധതിയുടെ പ്രതീക്ഷിക്കുന്ന സാമൂഹ്യ പ്രത്യാഘാതങ്ങൾ*

| *ക്രമ നമ്പർ* | *പ്രത്യാഘാതങ്ങൾ* | *ആഘാതബാധിതമാകുന്ന കുടുംബങ്ങളുടെ എണ്ണം* | *വിശദീകരണം* |
|---|---|---|---|
| **ഭൂമി പദ്ധതിബാധിതമാകൽ** | | | |
| 1 | കൈവശഭൂമി നഷ്ടമാകൽ / അളവ് കുറയൽ | 50 | • 50 ഭൂവുടമകളുടെ കൈവശഭൂമിയുടെ അളവ് കുറയുകയോ നഷ്ടപ്പെടുകയോ ചെയ്യുന്നു. |
| **വീടും അനുബന്ധ സൗകര്യങ്ങൾ / നിർമ്മിതികൾ പദ്ധതി ബാധിതമാകൽ** | | | |
| 2 | വീട് | 1 | 1 വീട് ഭാഗികമായും നഷ്ടപ്പെടും. |
| | അവശ്യ സൗകര്യങ്ങൾ | 4 ഭൂവുടമകൾ | ശൗചാലയം (1), കിണർ (2) വാട്ടർ കണക്ഷൻ (2), കുടിവെള്ള പൈപ്പ് (2) എന്നിവ നഷ്ടപ്പെടും. |
| | മറ്റ് സൗകര്യങ്ങൾ | 12 ഭൂവുടമകൾ | ▪ ചുറ്റുമതിൽ (8)<br>▪ ഗേറ്റ് (8),<br>▪ കാർ ഷെഡ് (1),<br>▪ പട്ടിക്കൂട് (1)<br>▪ വീട്ടിലേക്കുള്ള വഴി (2) |
| **വ്യാപാര സ്ഥാപനങ്ങൾ / മറ്റ് സ്ഥാപനങ്ങൾ** | | | |
| 3 | മറ്റ് സ്ഥാപനങ്ങൾ | 7 | 7 ഓളം കെട്ടിടങ്ങൾ ഭാഗികമായി നഷ്ടപ്പെടും. |
| **കൃഷി / മരങ്ങൾ നഷ്ടമാകൽ** | | | |
| 4 | കൃഷി / മരങ്ങൾ നഷ്ടമാകൽ | | റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറികൾ |
| **ഉപജീവനമാർഗം / വരുമാനം നഷ്ടമാകൽ** | | | |
| 5 | വരുമാനം നഷ്ടമാകൽ | 2 | കടകൾ, മറ്റ് വ്യാപാര സ്ഥാപനങ്ങളിൽ നിന്നുള്ള വരുമാനം |
| **ഗതാഗതം തടസ്സപ്പെടൽ** | | | |
| 6 | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗതം തടസ്സപ്പെടൽ | | |

| മറ്റ് പ്രത്യാഘാതങ്ങൾ | | | |
|---|---|---|---|
| 7 | ആരോഗ്യ പ്രശ്നങ്ങൾ/അപകട സാധ്യതകൾ | | നിർമ്മാണ ഘട്ടത്തിൽ പൊടിശല്യം, ശബ്ദ മലിനീകരണം എന്നിവയ്ക്കുള്ള സാധ്യതകൾ |
| 8 | പരിസര മലിനീകരണം | | നിർമ്മാണ മാലിന്യങ്ങൾ മൂലം |

**1.6. ലഘൂകരണ നടപടികൾ**

ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്ക ലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, കൂടാതെ കേരള സർക്കാർ റവന്യൂ വകുപ്പ് കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള പോളിസികൾ (23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD & 29/12/2017 തീയതിയിലെ G.O(Ms)No.448/2017/ RD) പ്രകാരവും നഷ്ടപരിഹാരവും പുനഃരധിവാസ-പുനഃസ്ഥാപന പാക്കേജും നൽകേണ്ടതാണ്.

പദ്ധതിക്ക് വേണ്ടി വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സ്ഥലങ്ങൾ ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെ ത്തിയ പ്രത്യാഘാതങ്ങളും, പദ്ധതിയുടെ വിവിധ ഘട്ടങ്ങളിൽ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും, പ്രത്യാഘാത ലഘൂകരണത്തിനായുള്ള നിർദ്ദേശങ്ങളും പട്ടിക 1.6.1. ൽ നൽകിയിരിക്കുന്നു.

***പട്ടിക 1.6.1. സംഭവ്യമായ സാമൂഹ്യ പ്രത്യാഘാതങ്ങളും ലഘൂകരണ നടപടികളും***

| ക്രമ നമ്പർ | സാമൂഹ്യ പ്രത്യാഘാതം | ലഘൂകരണ നടപടി |
|---|---|---|
| 1 | കൈവശഭൂമി നഷടമാകൽ/ അളവ് കുറയൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 2 | വീടുകൾ പദ്ധതിബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 3 | മറ്റ് നിർമ്മിതികൾ പദ്ധതി ബാധിതമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരവും പുനരധിവാസവും പുനസ്ഥാപനവും |

| | | |
|---|---|---|
| 4 | വരുമാനം നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം |
| 5 | ഗതാഗതം തടസ്സപ്പെടൽ | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാത്ത വിധത്തിൽ മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |
| 6 | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള ആരോഗ്യപ്രശനങ്ങൾ/ അപകട സാധ്യതകൾ | പദ്ധതിനിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടിശല്ല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.നിർമ്മാണ ഘട്ടത്തിൽ തൊഴിലാളി കളുടെയും പ്രദേശ വാസികളുടെയും സുരക്ഷിതത്വം ഉറപ്പ് വരുത്തുന്നതിന് മതിയായ മുൻകരുതലുകൾ സ്വീകരിക്കണം |
| 7 | നിർമ്മാണ മാലിന്യങ്ങൾ യഥാസമയം നിർമ്മാർജനം ചെയ്യാതിരിക്കുന്നത് മൂലം ഉണ്ടാകുവാനിടയുള്ള പരിസര മലിനീകരണം | പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായ്, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം |
| 8 | വൃക്ഷങ്ങൾ നഷ്ടമാകൽ | നിയമാനുസൃതമായ നഷ്ടപരിഹാരം ലഭ്യമാക്കുക. പദ്ധതിക്ക് വേണ്ടി വെട്ടി മാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. |

# അദ്ധ്യായം 2
## പദ്ധതിയുടെ വിശദവിവരങ്ങൾ

### 2.1. പദ്ധതി നിർവ്വാഹകർ, നിയന്ത്രണ ഘടന എന്നിവ ഉൾപ്പടെ പദ്ധതിയുടെ പശ്ചാത്തലം

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ ബൈപ്പാസ് നിർമ്മിക്കുന്നതാണ് നിലവിലെ പദ്ധതി. നിർദ്ധിഷ്ട പദ്ധതി, അതായത് പത്തനാപുരം ബൈപ്പാസ് പുനലൂർ മൂവാറ്റുപുഴ റോഡിൽ കല്ലുകടവ് പാലം കഴിഞ്ഞ് ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പിൻെറ മുന്നിൽ നിന്നും ആരംഭിച്ച് കേരള വാട്ടർ അതോറിറ്റി ഓഫീസ് വഴി സീമ തീയറ്ററിനു സമീപത്തുകൂടി വന്ന് ബഥേൽ ഗോസ്പൽ അസംബ്ലി ഹെഡ് ഓഫീസിനു സമീപമുള്ള ഏ വൺ വാട്ടർ സർവ്വീസ് സെൻറർ ഭാഗത്തായി പുനലൂർ മൂവാറ്റുപുഴ റോഡിൽ തന്നെ അവസാനിക്കുന്നു.

നിർദ്ധിഷ്ട പദ്ധതിയുടെ ആകെ നീളം 1.8 കിലോമീറ്ററും, കാരിയേജ് വേയും, മീഡിയനും, ഇരുവശങ്ങളിലും ഫൂട് പാത്തും, ഡ്രയിനേജും ഉൾപ്പെടെ ആകെ വീതി 7.5 മീറ്ററുമാണ്.

പത്തനാപുരം ബൈപ്പാസ് നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി 2025 ജൂലൈ 26 തീയതിയിലെ 2765 നമ്പർ-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജൂലൈ 25-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/3363/2022/LA3 പ്രകാരം അനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതിയുടെ നിർവ്വാഹകരായി സംസ്ഥാന സർക്കാർ ചുമതലപ്പെടുത്തിയിട്ടുള്ളത് പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കൊല്ലം ആണ്.

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ നിർവ്വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൊല്ലം ആയിരിക്കും.

## 2.2. നിയമത്തിൽ പ്രതിപാദിക്കുന്ന പൊതു ആവശ്യത്തിന് പദ്ധതി എങ്ങിനെ അനുയോജ്യമാകുന്നു എന്നതുൾപ്പടെ പദ്ധതിയുടെ യുക്തി

റോഡുകൾ, പാലങ്ങൾ എന്നിവ നിർമ്മിച്ച് യാത്രാസൗകര്യങ്ങൾ മെച്ചപ്പെടുത്തുക എന്നത് രാജ്യത്തിൻെറ അടിസ്ഥാന സൗകര്യങ്ങളുടെ വികസനത്തിൽ ഉൾപ്പെടുന്നു. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 2(1)bയിൽ ലിസ്റ്റ് ചെയ്തിരിക്കുന്ന പൊതു ആവശ്യങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളുടെ വികസനവും ഉൾപ്പെടുന്നു.

നിർദ്ധിഷ്ട പദ്ധതി, അതായത് പത്തനാപുരം ബൈപ്പാസ് പുനലൂർ മൂവാറ്റുപുഴ റോഡിൽ കല്ലുകടവ് പാലം കഴിഞ്ഞ് ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പിൻെറ മുന്നിൽ നിന്നും ആരംഭിച്ച് കേരള വാട്ടർ അതോറിറ്റി ഓഫീസ് വഴി സീമ തീയറ്ററിനു സമീപത്തുകൂടി വന്ന് ബഥേൽ ഗോസ്പൽ അസംബ്ലി ഹെഡ് ഓഫീസിനു സമീപമുള്ള ഏ വൺ വാട്ടർ സർവ്വീസ് സെൻറർ ഭാഗത്തായി പുനലൂർ മൂവാറ്റുപുഴ റോഡിൽ തന്നെ അവസാനിക്കുന്നു. നിർദ്ധിഷ്ട ബൈപ്പാസിൻെറ ആകെ നീളം 1.8 കിലോമീറ്ററും, കാരിയേജ് വേയും, മീഡിയനും, ഇരുവശങ്ങളിലും ഫൂട് പാത്തും, ഡ്രയിനേജും ഉൾപ്പെടെ ആകെ വീതി 7.5 മീറ്ററുമാണ്.

രാവിലെയും വൈകുന്നേരങ്ങളുമുൾപ്പെടെ പത്തനാപുരം നഗരത്തിൽ അനുഭവപ്പെടുന്ന അനിയന്ത്രിതമായ തിരക്ക് കുറക്കാൻ നിർദ്ധിഷ്ട ബൈപ്പാസിനു സാധിക്കുമെന്നാണ് വിലയിരുത്തുന്നത്. പത്തനംതിട്ട, അടൂർ ഭാഗത്തു നിന്നും പുനലൂർ, കൊട്ടാരക്കര മുതലായ സ്ഥലങ്ങളിലേക്ക് പോകുന്നവർക്ക് പത്തനാപുരം ടൗണിലെ തിരക്കിൽപെടാതെ പോകാനാകും എന്നതും, കൂടാതെ ശബരിമല തീർഥാടന കാലത്ത് തെങ്കാശി, പുനലൂർ, കൊട്ടാരക്കര ഭാഗത്തു നിന്നു വരുന്ന തീർത്ഥാടകർക്കും പത്തനാപുരം ടൗൺ കയറാതെ പത്തനംതിട്ടക്ക് പോകാനാകും എന്നതുമാണ് നിർദ്ദിഷ്ട പദ്ധതിയുടെ പ്രധാന പ്രയോജനം

## 2.3. പദ്ധതിയുടെ സ്ഥലം, വലിപ്പം, ലക്ഷ്യം, ചെലവ് തുടങ്ങിയ വിവരങ്ങൾ

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി അർത്ഥനാധികാരി സമർപ്പിച്ച അർത്ഥനാ പത്രം അനുസരിച്ച് പദ്ധതിക്ക് വേണ്ടി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്.

പുനലൂർ മൂവാറ്റുപുഴ റോഡിൽ കല്ലുകടവ് പാലം കഴിഞ്ഞ് ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പിൻെറ മുന്നിൽ നിന്നും ആരംഭിച്ച് ഏ വൺ വാട്ടർ സർവ്വീസ് സെൻറർ ഭാഗത്തായി പുനലൂർ മൂവാറ്റുപുഴ റോഡിൽ തന്നെ അവസാനിക്കുന്ന ബൈപ്പാസിൻെറ

ആകെ നീളം 1.8 കിലോമീറ്ററും, കാരിയേജ് വേയും, മീഡിയനും, ഇരുവശങ്ങളിലും ഫൂട്പാത്തും, ഡ്രയിനേജും ഉൾപ്പെടെ ആകെ വീതി 7.5 മീറ്ററുമാണ്.

### 2.4. ഇതര മാർഗ്ഗങ്ങൾ പരിശോധിക്കൽ

പ്രാരംഭഘട്ടത്തിൽ പദ്ധതിക്കായി മറ്റു മാർഗങ്ങൾ പരിഗണിക്കപ്പെട്ടതിനു ശേഷമാണ് ഏറ്റവും കുറവ് പ്രത്യാഘാതങ്ങളും നിർമ്മാണ ചെലവ് കുറഞ്ഞതുമായി നിലവിലെ അലൈൻമെൻറ് തീരുമാനിക്കപ്പെട്ടതെന്നു അർത്ഥനാധികാരി വെളിപ്പെടുത്തി.

### 2.5. പദ്ധതി നിർമ്മാണ ഘട്ടങ്ങൾ

പദ്ധതിക്ക് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാകുമ്പോൾ പദ്ധതി പ്രദേശം നിർമ്മാണത്തിനു വേണ്ടി ഒരുക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭി ക്കുകയും ചെയ്യും.

### 2.6. പദ്ധതിയുടെ രൂപരേഖ, വലിപ്പം, സൗകര്യങ്ങൾ

നിർദ്ധിഷ്ട പദ്ധതി, അതായത് പത്തനാപുരം ബൈപ്പാസ് പുനലൂർ മൂവാറ്റുപുഴ റോഡിൽ കല്ലുകടവ് പാലം കഴിഞ്ഞ് ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പിൻെറ മുന്നിൽ നിന്നും ആരംഭിച്ച് കേരള വാട്ടർ അതോറിറ്റി ഓഫീസ് വഴി സീമ തീയറ്ററിനു സമീപത്തുകൂടി വന്ന് ബഥേൽ ഗോസ്പൽ അസംബ്ലി ഹെഡ് ഓഫീസിനു സമീപമുള്ള ഏ വൺ വാട്ടർ സർവ്വീസ് സെൻറർ ഭാഗത്തായി പുനലൂർ മൂവാറ്റുപുഴ റോഡിൽ തന്നെ അവസാനിക്കുന്നു.

നിർദ്ധിഷ്ട പദ്ധതിയുടെ ആകെ നീളം 1.8 കിലോമീറ്ററും, കാരിയേജ് വേയും, മീഡിയനും, ഇരുവശങ്ങളിലും ഫൂട് പാത്തും, ഡ്രയിനേജും ഉൾപ്പെടെ ആകെ വീതി 7.5 മീറ്ററുമാണ്. റോഡ് കടന്നുപോകുന്ന പ്രധാനപെട്ട ജങ്ഷനുകളുടെ നവീകരണവും, കല്ലുകടവ് തോടിനു കുറുകെ 12 മീറ്റർ നീളത്തിലും 10.5 മീറ്റർ വീതിയിലും 1.5 മീറ്റർ വീതമുള്ള നടപ്പാതയോടും കൂടിയുള്ള ഒരു പാലവും ഇതിനോടോപ്പം വിഭാവനം ചെയ്തിട്ടുള്ളതാണ്.

നിർദ്ദിഷ്ട ബൈപ്പാസ് യാഥാർത്ഥ്യമാകുന്നതോടെ പത്തനാപുരം നഗരത്തിലും അനുബന്ധ റോഡുകളിലും അനുഭവപ്പെടുന്ന ഗതാഗതകുരുക്ക് കുറയ്ക്കുവാനും കാൽനട യാത്രക്കാരുടെ ഉൾപ്പെടെ സഞ്ചാര സ്വാതന്ത്രം സുഗമമാക്കുവാനും സാധിക്കും.

**2.7. അനുബന്ധ അടിസ്ഥാന സൗകര്യങ്ങളുടെ ആവശ്യകത**

പദ്ധതി നിർമ്മാണ ഘട്ടത്തിൽ ജനങ്ങളുടെ നിലവിലെ ഗതാഗതം (പൊതു ഗതാഗതം ഉൾപ്പെടെ) കുടിവെള്ള ലഭ്യത, വീടുകളിലേക്കും കടകളിലേക്കുമുള്ള പ്രവേശനം, ഇലക്ട്രിസിറ്റി എന്നിവ തടസപ്പെടാതിരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.

**2.8. ആവശ്യമായ സ്ഥിരവും താൽക്കാലികവുമായ തൊഴിൽ ശക്തി**

പദ്ധതി നിർമ്മാണത്തിന് മത്സരാധിഷ്ടിത അപേക്ഷകളിൽ നിന്ന് കരാറുകാരനെ തിരഞ്ഞെടുക്കുകയും നിശ്ചിത കാലയളവിനുള്ളിൽ നിർമ്മാണ പ്രവർത്തികൾ പൂർത്തീ കരിക്കണമെന്ന ഉടമ്പടിയിൽ സൈറ്റ് കൈമാറുകയും ചെയ്യും. കരാറിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ച് കരാറുകാരൻ ആധുനിക യന്ത്രസാമഗ്രികളുടെ സഹായത്തോടെ സാങ്കേതിക വിദഗ്ദ്ധരും അല്ലാത്തവരുമായ തൊഴിലാളികളുടെ സേവനം ഉപയോഗിച്ച് ജോലികൾ നിർവ്വഹിക്കുകയും ചെയ്യും.

**2.9. മുൻപേ നടത്തിയ സാമൂഹ്യ/ പരിസ്ഥിതി പ്രത്യാഘാതവിലയിരുത്തൽ/ സാങ്കേതിക സാധ്യതാ പഠനങ്ങളുടെ വിവരങ്ങൾ**

പദ്ധതിക്ക് വേണ്ടി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ് നടത്തികൊണ്ടിരിക്കുന്ന സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖയാണിത്. പദ്ധതിക്ക് വേണ്ടി മണ്ണ് പരിശോധന പോലുള്ള പ്രാരംഭ പ്രവർത്തനങ്ങളും വിവിധങ്ങളായ എഞ്ചിനീയറിങ്ങ് സർവ്വേകൾ, ട്രാഫിക് സർവെ എന്നീ പഠനങ്ങളും നടത്തിയതായി അർത്ഥനാധികാരി അറിയിച്ചു.

**2.10. ബാധകമായ നിയമങ്ങളും നയങ്ങളും**

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനായി പത്തനാപുരം വില്ലേജിൽ നിന്നും 50 സർവ്വേ നമ്പരുകളിൽ നിന്നുമായി ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരം, പുനഃരധിവാസം, പുനഃസ്ഥാപനം എന്നിവയെ സംബന്ധിക്കുന്ന നിയമങ്ങളും നയങ്ങളും ചുവടെ ചേർക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013
- കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള സംസ്ഥാന സർക്കാരിൻെറ നയം.
- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ(ബി)വകുപ്പിൻെറ 29/12/2017 തീയതിയിലെ G.O(MS) No .448/ 2017/RD പ്രകാരം പുറപ്പെടുവിച്ച സംസ്ഥാന സർക്കാരിൻെറ നയം
- വിവരവകാശ നിയമം 2005

# അദ്ധ്യായം 3

## പഠനസംഘം, പഠനസമീപനം, പദ്ധതിശാസ്ത്രം

ന്യായമായ നഷ്ടപരിഹാരത്തിനും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരം ഏറ്റെടുക്കുന്നതിന് ടി നിയമത്തിൻെറ വകുപ്പ് 4(1) അനുശാസിക്കുന്ന പ്രകാരം സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തുന്ന തിനും സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുന്നതിനും രാജഗിരി കോളേജിനെ ചുമതലപ്പെടുത്തിക്കൊണ്ട് 2025 ജുലൈ 26 തീയതിയിലെ 2765 നമ്പർ-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജുലൈ 25-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/3363/2022/LA3 പ്രകാരം ഉത്തരവായിട്ടുണ്ട്. തദനുസൃതമായി സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ പഠനസംഘം വിവിധ ഘട്ടങ്ങളിലൂടെ പദ്ധതിയുടെ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം നടത്തി.

### 3.1. പഠന സംഘാംഗങ്ങളുടെ വിദ്യാഭ്യാസ യോഗ്യത ഉൾപ്പടെയുള്ള വിവരങ്ങൾ

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ യൂണിറ്റിൻെറ ചെയർപേഴ്സനായ ഡോ. ഫാ. സാജു എം.ഡി.യുടെ നേതൃത്വത്തിൽ വിവിധ സാമൂഹ്യ-സാമ്പത്തിക സർവ്വേകളും സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനങ്ങളും നടത്തിയ അനുഭവ സമ്പത്തുള്ള 11 അംഗങ്ങളടങ്ങുന്ന ടീമാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനു വേണ്ടിയുള്ള വിവരങ്ങളുടെ ശേഖരണവും വിശകലനവും ഏകോപനവും നടത്തി കരട് രേഖ തയ്യാറാക്കിയത്.

പഠന സംഘത്തിൻെറ വിവരങ്ങൾ പട്ടിക 3.1.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 3.1.1. പഠന സംഘം**

| ക്രമ നമ്പർ | പേര് | വിദ്യാഭ്യാസ യോഗ്യത പദവി | പ്രവർത്തന പരിചയം |
|---|---|---|---|
| 1 | ഡോ. ഫാ.സാജു എം. ഡി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. ചെയർമാൻ എസ്.ഐ.എ (പ്രിൻസിപ്പാൾ, രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസസ്) | അദ്ധ്യാപന, ഗവേഷണ മേഖലയിൽ 14 വർഷത്തെ പ്രവർത്തന പരിചയം |
| 2 | ഡോ.ബിനോയ് ജോസഫ് | എം.എ (എച്ച്.ആർ.എം), പി.എച്ച്.ഡി., എൽ.എൽ.ബി കൺസൾട്ടൻറ് | അദ്ധ്യാപന, ഗവേഷണ, പരിശീലന മേഖലകളിൽ 27 വർഷത്തെ പ്രവർത്തന പരിചയം |
| 3 | മീന കുരുവിള | എം.എസ്.ഡബ്ല്യു, കൺസൾട്ടൻറ് | വികസനമേഖലയിൽ 37 വർഷത്തെ പ്രവർത്തന പരിചയം |
| 4 | ഫാ. റിൻറ്റിൽ മാത്യു | എം.ബി.എ, എം. എ ഫിലോസഫി കൺസൾട്ടൻറ് | അദ്ധ്യാപന, മേഖലകളിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 5 | ഡോ. ഫാ.ഷിൻേറാ ജോസഫ് | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. കൺസൾട്ടൻറ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 6 വർഷത്തെ പ്രവർത്തന പരിചയം |
| 6 | ഡോ. കിരൺ തമ്പി | എം.എസ്.ഡബ്ല്യു, എം.ഫിൽ, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 12 വർഷത്തെ പ്രവർത്തന പരിചയം |
| 7 | ഡോ. അനിൽ ജോൺ | എം.എസ്.ഡബ്ല്യു, പി.എച്ച്.ഡി. റിസേർച്ച് അസ്സോസിയേറ്റ് | അദ്ധ്യാപന ഗവേഷണ മേഖലയിൽ 10 വർഷത്തെ പ്രവർത്തന പരിചയം |
| 8 | ബിജു സി.പി. | ബി.എ, ഡെവലപ്പ്മെൻറ് ഓഫീസർ | വികസനമേഖലയിൽ 30 വർഷത്തെ പ്രവർത്തന പരിചയം |
| 9 | അഭിജിത്ത്ലാൽ എൻ.എസ് | എം.എസ്. ഡബ്ല്യു റിസേർച്ച് അസ്സോസിയേറ്റ് | 9 വർഷത്തെ പ്രവർത്തനപരിചയം |
| 10 | പി. ഡി രാംദാസ് | ബികോം സീനിയർ കോർഡിനേറ്റർ അക്കൗണ്ട്സ് | 26 വർഷത്തെ പ്രവർത്തനപരിചയം |
| 11 | ബിൽബിൻ കെ വിത്സൺ | ബി.എസ്.സി ഫിസിക്സ് ഡാറ്റാ എൻട്രി ഓപ്പറേറ്റർ | 4 വർഷത്തെ പ്രവർത്തനപരിചയം |

**3.2. പഠനത്തിനുപയോഗിച്ച പദ്ധതിശാസ്ത്രം, വിവര ശേഖരണത്തിനുപയോഗിച്ച മാർഗ്ഗങ്ങൾ സാങ്കേതിക രീതി എന്നിവയെ കുറിച്ചുള്ള വിവരങ്ങളും, ടി മാർഗ്ഗങ്ങളും പദ്ധതിശാസ്ത്രവും ഉപയോഗിച്ചതിൻെറ യുക്തിയും.**

പദ്ധതി ബാധിത കുടുംബങ്ങൾക്കും വ്യക്തികൾക്കും പദ്ധതി മൂലമുണ്ടായേക്കാവുന്ന വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ കണ്ടെത്തുക കൂടാതെ സാമൂഹ്യ പ്രത്യാ ഘാത നിയന്ത്രണ പദ്ധതി തയ്യാറാക്കുകയും ചെയ്യുക എന്നുള്ളതാണ് സാമൂഹ്യ പ്രത്യാ

ഘാത വിലയിരുത്തൽ പഠനത്തിൻെറ ഉദ്ദേശ്യം. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിനാവശ്യമായ വിവരശേഖരണത്തിന് പ്രാഥമികവും ദ്വിതീയവുമായ മേഖലകൾ അപഗ്രഥനം ചെയ്യേണ്ടതുണ്ട്.

പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതി ബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും കൂടാതെ പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘാംഗങ്ങൾ 2025 ആഗസ്റ്റ് 14–ാം തീയതി പദ്ധതി പ്രദേശം സന്ദർശിക്കുകയും, പഠനത്തിന് വേണ്ടി തയ്യാറാക്കിയ ചോദ്യാവലി പരിശോധിച്ച് സ്ഥിരീകരിക്കുകയും ചെയ്തു. ഏറ്റെടുക്കുന്ന വസ്തുവിൻെറ തരം, നിലവിലെ ഉപയോഗം, വസ്തു കൈവശമായ കാലാവധി, കുടുംബാംഗങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ, കുടുംബത്തിൻെറ സാമ്പത്തിക-സാമൂഹിക അവസ്ഥ, പദ്ധതിയെക്കുറിച്ചും ഭൂമി ഏറ്റെടുക്കലിനെക്കുറിച്ചും കുടുംബങ്ങൾക്കുള്ള അഭിപ്രായങ്ങൾ തുടങ്ങിയ ചോദ്യങ്ങൾ ടി ചോദ്യാവലിയിൽ ഉൾക്കൊള്ളുന്നു. തുടർന്ന് പദ്ധതി ബാധിതരാകുന്ന ഭൂവുടമകളുടെ ഭവനസന്ദർശനം നടത്തിയും ടെലിഫോണിൽ ബന്ധപ്പെട്ടും ടി ചോദ്യാവലി ഉപയോഗിച്ച് അഭിമുഖം നടത്തി വിവരങ്ങൾ ശേഖരിച്ചു.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങൾ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കൊല്ലം കാര്യാലയത്തിൽ നിന്നും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുമായി ബന്ധപ്പെട്ട വിവരങ്ങൾ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൊല്ലം നമ്പർ 2 കൊല്ലം കാര്യാലയത്തിൽ നിന്നുമാണ് ലഭിച്ചത്. കൂടാതെ ഭൂമി ഏറ്റെടുക്കലുമായി ബന്ധപ്പെട്ട നിയമപരമായ ചട്ടക്കൂടുകളും ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 പ്രകാരമുള്ള നഷ്ടപരിഹാര നടപടികളെക്കുറിച്ചും പഠനസംഘം മനസ്സിലാക്കി.

സാമൂഹ്യ സാമ്പത്തിക സർവ്വെയിലൂടെയും അഭിമുഖത്തിലൂടെയും ശേഖരിച്ച വിവരങ്ങൾ ശാസ്ത്രീയമായി വിശകലനം ചെയ്ത് ക്രോഡീകരിച്ച് തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ കരട് രേഖ പദ്ധതി ബാധിത കുടുംബങ്ങൾക്ക് മുൻകൂട്ടി അറിയിപ്പ് നൽകി സംഘടിപ്പിക്കുന്ന പബ്ലിക് ഹിയറിങ്ങിൽ അവതരിപ്പിച്ച് വിശകലനം ചെയ്യും. പബ്ലിക് ഹിയറിങ്ങിൽ പദ്ധതി ബാധിതർ ഉന്നയിക്കുന്ന അഭിപ്രായങ്ങളും ആശങ്കകളും ആയതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ നൽകുന്ന മറുപടിയും കൂടി ഉൾപ്പെടുത്തികൊണ്ടാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന്റെ അന്തിമ രേഖ തയ്യാറാക്കുന്നത്.

| തീയതി | ഘട്ടങ്ങൾ |
|---|---|
| 26.07.2025 | പഠനം നടത്തുന്നതിന് കളമശ്ശേരി രാജഗിരി ഔട്ട്റീച്ചിനെ നിയോഗിച്ച് റവന്യൂ വകുപ്പ്(ബി) യുടെ നടപടിക്രമം |
| 06.08.2025 | അർത്ഥനാധികാരിയുടെ കാര്യാലയത്തിൽ നിന്നും വിവരശേഖരണം |
| 14.08.2025 | പദ്ധതി പ്രദേശത്ത് സംയുക്ത സന്ദർശനം & ചോദ്യാവലി പരിശോധന |
| 20.08.2025 | പദ്ധതി ബാധിത കുടുംബങ്ങളിൽ സാമൂഹ്യ-സാമ്പത്തിക സർവെ |
| 28.08.2025 | പ്രാഥമിക & ദ്വിതീയ വിവരങ്ങൾ വിശകലനം ചെയ്യൽ |
| 06.10.2025 | സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനം - കരട് റിപ്പോർട്ട് തയ്യാറാക്കൽ |
| 24-10-2025 | പബ്ലിക് ഹിയറിങ്ങ് |
| | അന്തിമരേഖ സമർപ്പണം |

### 3.3. പഠനത്തിനുപയോഗിച്ച മാതൃകാപരിശോധനാ രീതി

പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതം ഓരോ കുടുംബത്തിനും വ്യത്യസ്തമായിരിക്കും എന്നതിനാൽ പദ്ധതി ബാധിതരാകുന്ന എല്ലാ കുടുംബങ്ങളെയും ഉൾക്കൊള്ളിച്ചു കൊണ്ടുള്ള പഠനമാണ് മാതൃകാ പരിശോധനാ രീതിയെക്കാൾ സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിന് അഭികാമ്യമാകുന്നത്. ആയതിനാൽ പഠന സംഘം പദ്ധതി പ്രദേശം സന്ദർശിക്കുകയും പദ്ധതി ബാധിതരാകുന്ന കുടുംബങ്ങളെ കണ്ടെത്തുകയും, അവരിൽ നിന്ന് സാമൂഹ്യ-സാമ്പത്തിക സർവ്വെയിലൂടെ വിവരശേഖരണം നടത്തുകയും ചെയ്തു.

### 3.4. പഠനത്തിനുപയോഗിച്ച വിവരങ്ങളെയും അവ ലഭ്യമായ സ്രോതസ്സുകളെയും കുറിച്ചുള്ള അവലോകനം

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് പ്രാഥമികവും ദ്വിതീയവുമായ വിവരങ്ങൾ ശേഖരിക്കേണ്ടതുണ്ട്. പദ്ധതി മൂലം കുടുംബങ്ങൾക്കും പ്രദേശത്തിനും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ, പദ്ധതി പ്രദേശത്തിൻെറ പ്രത്യേകതകൾ, നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ പഠനത്തിനാവശ്യമായ പ്രാഥമിക വിവരങ്ങളാണ്. പദ്ധതി ബാധിത പ്രദേശം സന്ദർശിച്ച് നിരീക്ഷണം നടത്തിയും പദ്ധതി ബാധിത കുടുംബങ്ങളിൽ ബന്ധപ്പെട്ടും പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം നടത്തിയുമാണ് പ്രസ്തുത വിവരങ്ങൾ ശേഖരിച്ചത്. കൂടാതെ, പബ്ലിക് ഹിയറിങ്ങിൽ നിന്ന് ലഭിച്ച വിവരങ്ങളും ഇതോടൊപ്പം കൂട്ടിച്ചേർക്കും.

പദ്ധതിയുമായി ബന്ധപ്പെട്ട വിവരങ്ങളും ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങളുമാണ് പഠനത്തിന് ആവശ്യമായ ദ്വിതീയ വിവരങ്ങൾ. അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കൊല്ലം, സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ 2 കൊല്ലം കാര്യാലയത്തിൽ നിന്നുമാണ് ദ്വിതീയ വിവരങ്ങൾ ലഭിച്ചത്.

കൂടാതെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമവും അതിൻെറ വെളിച്ചത്തിൽ സംസ്ഥാന ഗവൺമെൻറ് കാലാകാലങ്ങളിൽ രൂപീകരിച്ചിട്ടുള്ള ചട്ടങ്ങളും നയങ്ങളും പരിശോധിച്ചു.

**പട്ടിക 3.4.1.: പഠനത്തിനുപയോഗിച്ച വിവരങ്ങൾ, വിവര സ്രോതസുകൾ.**

| തരം | വിവരങ്ങൾ | സ്രോതസ്സ് |
|---|---|---|
| **പ്രാഥമിക വിവരങ്ങൾ** | പദ്ധതി പ്രത്യാഘാതങ്ങൾ, പ്രദേശത്തിൻെറ പ്രത്യേകതകൾ, ഭൂമിയുടെ നിലവിലെ ഉപയോഗം, പദ്ധതിബാധിത കുടുംബങ്ങളുടെ വിവരങ്ങൾ തുടങ്ങിയവ | • പദ്ധതിബാധിത പ്രദേശം സന്ദർശനവും നിരീക്ഷണവും<br>• പദ്ധതിബാധിതരാകുന്ന ഭൂവുടമകളും അല്ലാത്തവരുമായ കുടുംബങ്ങളിൽ നടത്തിയ സാമ്പത്തിക സർവ്വെ.<br>• പ്രദേശത്തെ പ്രധാന വ്യക്തികളുമായി അഭിമുഖം |
| **ദ്വിതീയ വിവരങ്ങൾ** | പദ്ധതിയുമായ് ബന്ധപ്പെട്ട വിവരങ്ങൾ | • പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കൊല്ലം |

| | | |
|---|---|---|
| | ഏറ്റെടുക്കപ്പെടുന്ന ഭൂമിയുടെ റവന്യൂ രേഖ പ്രകാരമുള്ള വിവരങ്ങൾ | • സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) നമ്പർ 2 കൊല്ലം |

**3.5. തൽപരകക്ഷികളുമായി നടത്തിയ കൂടിയാലോചന, പബ്ലിക് ഹിയറിംഗ് എന്നിവയുടെ സംക്ഷിപ്ത വിവരങ്ങൾ**

*പഠനവുമായി ബന്ധപ്പെട്ട് നടത്തിയ വിവിധ നടപടികളുടെ ചുരുക്കം:*

- അർത്ഥനാധികാരിയിൽ നിന്നും ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ കാര്യാലയത്തിൽ നിന്നും ലഭിച്ച വിവരങ്ങളുടെ പഠനം
- പദ്ധതി പ്രദേശത്ത് സന്ദർശനം
- പദ്ധതിബാധിത കുടുംബങ്ങളിൽ സർവ്വെ
- സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൻെറ കരട് രേഖ തയ്യാറാക്കലും പ്രസിദ്ധപ്പെടുത്തലും

# അദ്ധ്യായം 4

# സ്ഥലത്തിൻെറ മൂല്യ നിർണ്ണയം

### 4.1. ഭൂപടത്തിൻെറയും സ്ഥലത്തെ പ്രാഥമിക സ്രോതസ്സുകളുടെയും സഹായത്തോടെ പദ്ധതി പ്രദേശത്തിൻെറ വിവരണം

കേരളത്തിലെ കൊല്ലം ജില്ലയുടെ കിഴക്ക് ഭാഗത്തായി സഹ്യപർവതത്തിനോട് അടുത്തു കിടക്കുന്ന പ്രദേശമാണ് പത്തനാപുരം. മുൻപ് ഇവിടം പത്തനപുരം എന്ന് അറിയപ്പെട്ടിരുന്നു. പണ്ട് കാലം മുതൽ പത്തനാപുരം ഒരു പ്രധാന വ്യാപാര കേന്ദ്രമായിരുന്നു, കൊട്ടാരക്കര, അടൂർ, പുനലൂർ തുടങ്ങിയ വ്യാപാരപാതകൾക്കിടയിൽ ഉണ്ടായിരുന്ന പ്രദേശം എന്ന നിലയിൽ പത്തനാപുരം പട്ടണവും അതിവേഗം വളർന്നു. കേരളത്തിലെ സുഗന്ധവ്യഞ്ജന മേഖലയിൽ ഉൾപ്പെടുന്ന ഇവിടം നെല്ല്, കുരുമുളക്, ഇഞ്ചി, കശുവണ്ടി, മരച്ചീനി, റബ്ബർ എന്നിവ ധാരാളമായി കൃഷി ചെയ്യപ്പെടുന്നു. ക്ഷേത്രങ്ങളും, പള്ളികളും ചേർന്ന് മത സാംസകാരിക വൈവിധ്യത്തിനു പേരുകേട്ട പത്തനാപുരത്തെ മഹാദേവ ക്ഷേത്രം ഏറ്റവും പഴക്കമേറിയ ക്ഷേത്രങ്ങളിൽ ഒന്നാണ്.

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം ബൈപ്പാസ് നിർമ്മിക്കുക എന്ന പദ്ധതിക്കായി പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി എറ്റെടുക്കേണ്ടതുണ്ട്.

പ്രദേശത്തെ ജനങ്ങളുടെ സാമൂഹ്യ സാമ്പത്തിക പശ്ചാത്തലം പരിശോധിച്ചാൽ, അവരുടെ പ്രധാന തൊഴിൽ മേഖല കച്ചവടവും, ബിസ്സിനസ്സും അതോടൊപ്പം കൃഷിയും, ദിവസ വേതന ജോലികളുമാണെന്ന് കാണാം, കൂടാതെ ഗവൺമെൻറ് ജീവനക്കാരും, വിദേശത്ത് ജോലി ചെയ്യുന്നവരും പദ്ധതി ബാധിത കുടുംബങ്ങളിലുണ്ട്.

### 4.2. പദ്ധതിയുടെ സ്വാധീനം മൂലം മൊത്തത്തിലുള്ള പ്രത്യാഘാതം

*(ഏറ്റെടുക്കപ്പെടുന്ന പദ്ധതിപ്രദേശത്തിൻേറത് മാത്രമായി പരിമിതപ്പെടുത്തിയിട്ടില്ല)*

നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് പത്തനാപുരം ബൈപ്പാസ് നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ 50 സർവ്വേ നമ്പരുകളിൽ നിന്നുമായി ഏകദേശം 97.97 ആർ ഭൂമിയാണ് ഏറ്റെടുക്കേണ്ടത്. ടി സർവ്വേ നമ്പരിൽപെട്ട 50 ഭൂവുടമകളിൽ നിന്നാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം വിവരശേഖരണം നടത്തിയത്.

ഏല്ലാ ഭൂവുടമകളുടെയും കൈവശഭൂമിയുടെ അളവു കുറയുകയോ, നഷ്ടമാകുകയോ ചെയ്യുന്നുണ്ട്. പദ്ധതി ബാധിത പ്രദേശത്തു ഉൾപ്പെടുന്ന ഒരു കുടുംബത്തിൻെറ വീട് ഭാഗികമായി നഷ്ടമാകും. 7 ഓളം ഭൂവുടമകളുടെ കടയോ, മറ്റു വ്യാപാര സ്ഥാപനങ്ങളോ പദ്ധതി ബാധിതമാകും. 12 ഓളം കുടുംബങ്ങളുടെ സെപ്റ്റിക് ടാങ്ക്/ശൗചാലയം/ഗേറ്റ്/ചുറ്റുമതിൽ/കിണർ/ മുതലായവ പദ്ധതി ബാധിതമാകും. അതോടൊപ്പം, റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറികൾ മുതലായ വൃക്ഷങ്ങളും നഷ്ടമാകുന്നുണ്ട്.

നിർദ്ദിഷ്ട ബൈപ്പാസ് നിർമ്മിക്കുന്നതിലൂടെ പ്രദേശത്തെ ഗതാഗത സൗകര്യം മെച്ചപ്പെടുന്നതിനും, അത് വഴി പ്രദേശവാസികളുടെ സാമ്പത്തിക വളർച്ചക്കും കാരണമാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ, റോഡ് യാത്രികരുടെ യാത്രാസമയം, ഇന്ധന ചെലവ്, ഗതാഗത തടസം എന്നിവ കുറയുകയും, സുരക്ഷാ സാധ്യതകൾ, ചരക്ക് ഗതാഗതം എന്നിവ മെച്ചപ്പെടുകയും, ടൂറിസം സാധ്യതകൾ വർധിക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു. എന്നിരുന്നാലും പദ്ധതിക്ക് വേണ്ടി പത്തനാപുരം വില്ലേജിൽ 50 സർവ്വേ നമ്പരുകളിൽ നിന്നുമായി ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്കും കുടുംബങ്ങൾക്കും വിവിധങ്ങളായ വിപരീത പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ ഇടയുണ്ടെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം മനസിലാക്കുന്നു. പദ്ധതി മൂലം കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ അദ്ധ്യായം 1 ൽ 1.5ൽ വിശദമായി നൽകിയിട്ടുണ്ട്.

### 4.3. പദ്ധതിയ്ക്കാവശ്യമായ മൊത്തം ഭൂമി

പദ്ധതിയുടെ അർത്ഥനാധികാരിയായ പൊതുമരാമത്ത് വകുപ്പ് (നിരത്ത് വിഭാഗം) കൊല്ലം സമർപ്പിച്ച അർത്ഥനാ പത്രത്തിൽ 50 സർവ്വെ നമ്പറുകളിൽ നിന്ന് ഏകദേശം 97.97 ആർ ഭൂമിയാണ് ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നതായി പറയുന്നത്. പദ്ധതിക്ക് ആവശ്യമായ സ്ഥലം മാത്രമാണ് ഏറ്റെടുക്കുന്നതിന് അടയാളപ്പെടുത്തിയിരിക്കുന്നത് എന്ന് പദ്ധതി പ്രദേശം സന്ദർശിച്ചതിൻെറ വെളിച്ചത്തിൽ പഠന സംഘം വിലയിരുത്തുന്നു.

### 4.4. പദ്ധതി ബാധിത പ്രദേശത്തിൻെറ സമീപത്ത് പൊതു വിനിയോഗത്തിലുള്ള സ്ഥലം ഉണ്ടെങ്കിൽ അതിൻെറ നിലവിലെ ഉപയോഗം

പദ്ധതി പ്രദേശത്ത് ജനങ്ങൾ പൊതു ആവശ്യത്തിനു ഉപയോഗിക്കുന്ന സ്ഥലങ്ങൾ നിലവിലില്ല

**4.5 നേരത്തെ വാങ്ങിയതോ, അന്യാധീനപ്പെട്ടതോ, പണയപ്പെടുത്തിയതോ, അല്ലെങ്കിൽ ഏറ്റെടുത്തതോ ആയ ഭൂമി, ഏറ്റെടുക്കപ്പെടുന്ന ഓരോ ഭൂഭാഗത്തിൻെറയും പദ്ധതി പ്രകാരമുള്ള ഉപയോഗം**

പദ്ധതിക്ക് വേണ്ടി നേരത്തേ ഭൂമി വാങ്ങുകയോ, ഏറ്റെടുക്കുകയോ ചെയ്തിട്ടില്ല.

**4.6. ഏറ്റെടുക്കുന്ന സ്ഥലത്തിൻെറ ഗുണവും പ്രദേശവും**

സംസ്ഥാനത്ത് കൊല്ലം ജില്ലയിലെ പത്തനാപുരം ബൈപ്പാസ് നിർമ്മാണത്തിനു വേണ്ടി പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ 50 സർവ്വേ നമ്പരുകളിൽ നിന്നുമായി ഏകദേശം 97.97 ആർ ഭൂമിയാണ് ഭൂമി ഏറ്റെടുക്കേണ്ടത്. ഭൂസ്ഥിതി പ്രകാരം ഏറ്റെടുക്കുന്ന സ്ഥലങ്ങൾ ഭൂരിഭാഗവും പുരയിടം വിഭാഗത്തിൽപെടുന്നു. കൂടുതലും കൃഷി ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതോ, തരിശ്ശായി കിടക്കുന്നതോ, വീടിനോട് ചേർന്നുള്ളവയോ കച്ചവടങ്ങൾ നടക്കുന്നവയോ ആയ ഭൂമികൾ ആണ്. പദ്ധതി പ്രദേശങ്ങൾ പത്തനാപുരം പഞ്ചായത്തിൽ ഉൾപ്പെടുന്നതും എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളുടെയും പ്രാപ്യതയുള്ളതുമാണ്.

**4.7. ആഘാതബാധിത ഭൂമിയുടെ തരവും നിലവിലെ ഉപയോഗവും, കൃഷി ഭൂമിയാണെങ്കിൽ ജലസേചനം, വിള തുടങ്ങിയ വിവരങ്ങൾ**

പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുന്നതിനായി വിജ്ഞാപനം ചെയ്തിരിക്കുന്നതെന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം സർവ്വേയിലൂടെ കണ്ടെത്തി. ഉടമകളിൽ നിന്ന് ലഭിച്ച വിവരമനുസരിച്ച് പദ്ധതി ബാധിത സ്ഥലങ്ങളുടെ തരം, ഉപയോഗം തുടങ്ങിയ വിവരങ്ങൾ താഴെ ചേർക്കുന്നു.

**പദ്ധതിബാധിത ഭൂമിയുടെ തരം**

പത്തനാപുരം വില്ലേജിൽ നിന്നും ഏറ്റെടുക്കുന്ന സ്ഥലങ്ങൾ ഭൂരിഭാഗവും പുരയിടം വിഭാഗത്തിൽപെടുന്നു.

**പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം**

പദ്ധതി ബാധിത സ്ഥലങ്ങൾ പ്രധാനമായും കൃഷിക്കും, താമസത്തിനും മറ്റ് വാണിജ്യാ വശ്യങ്ങൾക്കുമായി ഉപയോഗിച്ചു വരുന്നതോ, തരിശായി കിടക്കുന്നതോ ആണ്. ഏറ്റെടു ക്കപ്പെടുന്ന സ്ഥലങ്ങളിൽ 11 ഉടമകളുടെ സ്ഥലങ്ങളിലാണ് നിലവിൽ മരങ്ങൾ/

കൃഷികൾ നഷ്ടമാകുന്നത് റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറികൾ മുതലായവയാണ് പ്രധാന ഫലധാതുക്കൾ

### 4.8. കൈവശ ഭൂമിയുടെ അളവ്, ഉടമസ്ഥതയുടെ രീതി, സ്ഥലത്തിൻെറ കിടപ്പ്, വാസയോഗ്യമായ വീടുകളുടെ എണ്ണം

പദ്ധതിക്ക് വേണ്ടി ഏറ്റെടുക്കുവാൻ വിജ്ഞാപനം ചെയ്യപ്പെട്ടിട്ടുള്ള സർവ്വേ നമ്പറുകളിലുള്ള, സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനസംഘം കണ്ടെത്തിയതിൽ 50 ഓളം ഭൂവുടമകളുടേതും വ്യക്തിഗത ഉടമസ്ഥതയിലുള്ള സ്ഥലങ്ങളാണ്. മൂന്ന് സ്ഥലങ്ങൾ പള്ളിയുടെ പേരിൽ ഉള്ളതുമാണ്.

### 4.9. കഴിഞ്ഞ 3 വർഷക്കാലത്തെ ഭൂമി കൈമാറ്റവും, വിലയും, ഉപയോഗവും

സർവ്വെയിൽ ലഭ്യമായ വിവരമനുസരിച്ച് പദ്ധതിബാധിതമാകുന്ന ഭൂവുടമകളിൽ യാതൊന്നിലും കഴിഞ്ഞ 3 വർഷക്കാലമായി ഭൂമി കൈമാറ്റമോ മറ്റ് വ്യവഹാരങ്ങളോ നടന്നിട്ടില്ല.

# അദ്ധ്യായം – 5

# ആഘാതബാധിത കുടുംബങ്ങളെക്കുറിച്ചും വസ്തുവകകളെക്കുറിച്ചുമുള്ള കണക്ക്

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനായി പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ പ്രത്യാഘാത ബാധിതമാകുന്ന കുടുംബങ്ങളുടെ വിവരങ്ങളും അവർക്ക് ഉണ്ടാകുവാനിടയുള്ള പ്രത്യാ ഘാതങ്ങളും ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നു.

### 5.1. കുടുംബങ്ങളുടെ എണ്ണം

ഒരു പൊതു ആവശ്യത്തിനു വേണ്ടി ഭൂമി ഏറ്റെടുക്കേണ്ടി വരുമ്പോൾ പ്രത്യക്ഷവും പരോക്ഷവുമായ പ്രത്യാഘാതങ്ങൾ ഉണ്ടാകുവാൻ സാധ്യതയുണ്ട്. ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകളെ പദ്ധതിയുടെ പ്രത്യക്ഷ ആഘാത ബാധിതരായും ഉപജീ വനത്തിനായോ താമസത്തിനായോ വഴിക്കോ മറ്റേതെങ്കിലും അടിസ്ഥാന സൗകര്യ ങ്ങൾക്ക് വേണ്ടിയോ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തെ ആശ്രയിച്ച് കൊണ്ടിരിക്കുന്ന കുടുംബങ്ങളെ പദ്ധതിയുടെ പരോക്ഷ ആഘാത ബാധിതരായും കാണേണ്ടതാണ്.

### 5.1.1. പദ്ധതിയുടെ പ്രത്യക്ഷ പ്രത്യാഘാത ബാധിത കുടുംബങ്ങൾ *(ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിൻെറ ഉടമകൾ)*

2025 ജൂലൈ 26 തീയതിയിലെ 2765 നമ്പർ-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജൂലൈ 25-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/3363/2022/LA3 പ്രകാരം നിർദ്ദിഷ്ട പദ്ധതിക്ക് വേണ്ടി, അതായത് പത്തനാപുരം ബൈപ്പാസ് നിർമ്മാണത്തിനു വേണ്ടി കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമിയാണ് ഏറ്റെടുക്കുന്നത്. ടി ഭൂമിയുടെ ഉടമകളായ 50 കുടുംബങ്ങളെയാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം കണ്ടെത്തിയത്. പ്രസ്തുത ഉടമകളുടെ പേരും ഓരോരുത്തർക്കും ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങളും പട്ടിക 5.1.1ൽ നൽകിയിരിക്കുന്നു.

**പട്ടിക 5.1.1 ഭൂവുടമകൾ, ഉണ്ടാകുവാനിടയുള്ള നഷ്ടങ്ങൾ**

***വില്ലേജ്:*** **പത്തനാപുരം**

| ***ക്രമ നമ്പർ*** | ***പേര്, വിലാസം, ഫോൺ നമ്പർ*** | ***സർവെ നമ്പർ*** | ***നഷ്ടമാകുന്ന ആസ്തികൾ*** |
|---|---|---|---|
| 1. | ഹബീബ് & ആമിന<br>പലവിള വടക്കേതിൽ<br>പട്ടഴി, വടക്കേക്കര<br>9947521013 | 433/1/14/73/1<br>1<br>39/1 | സ്ഥലം |
| 2. | കെ എൻ നൈനാൻ<br>തെക്കേടത്ത്<br>പത്തനാപുരം, 9495753593 | 409/1/1/4 | റബ്ബർ |
| 3. | സാലു ജോർജജ്<br>തങ്കത്തറയിൽ<br>പന്തപ്ലാവ്, പട്ടഴി, 9847741105 | 409/1/2/6<br>409/1/2/3/2 | കട പൂർണ്ണമായും |
| 4. | സി സി തോമസ്<br>ചാമക്കാല പുത്തൻവീട്<br>പത്തനാപുരം, 9746991157 | 409/1/1/2/2 | സ്ഥലം ഭാഗികമായി (കൃഷി) |
| 5. | അനു ചന്ദ്രൻ<br>അനൂപ് ഭവൻ<br>നടുക്കുന്നു പത്തനാപുരം പി ഒ<br>9495052290 | 109/1/1/3<br>431/1/2/5 | തെങ്ങ്, പ്ലാവ്, തേക്ക്, ഓമ, 30 മരങ്ങൾ |
| 6. | ജോർജജുകുട്ടി<br>വലിയപറമ്പിൽ<br>പത്തനാപുരം, 9447066173 | 409/1/3/9 | സ്ഥലം ഭാഗികമായി |
| 7. | സാബു (ഷാജി ലാബ്)<br>സാബു ഭവൻ<br>പതിരിക്കൽ പത്തനാപുരം<br>9207344407 | 433/1/56/1<br>66/1 | 3 നില കെട്ടിടം ചെറിയ തോതിൽ |
| 8. | കെ എം ഷാജഹാൻ<br>ഈട്ടിവിള<br>വടക്കേതിൽ മാഞ്ചല്ലൂർ<br>പത്തനാപുരം 9447556026 | 433/1-14<br>433/1-17 | ചുറ്റുമതിൽ, ഗേറ്റ് 2, കിണർ, വാട്ടർ കണക്ഷൻ<br>മാവ് 1<br>അമ്പഴങ്ങ 1 |

| | | | |
|---|---|---|---|
| 9. | ഷൗക്കത്ത് എസ്<br>ഈട്ടിവിള വീട്<br>പത്തനാപുരം 9847545905 | 433/14/173 | വീട് ഭാഗികമായി<br>ചുറ്റുമതിൽ, ഗേറ്റ്,<br>മരങ്ങൾ |
| 10. | വിബിൻ ശശി (കൈരളി ലാബ്)<br>കൈരളി ഭവനം<br>കുന്ദയം, പത്തനാപുരം, 9447505132 | 433/1/14/73/1 | 3 നില കെട്ടിടം ഭാഗികമായി |
| 11. | നസീമ (അസീസ്)<br>ദേവി സ്കാൻസ്<br>മുതിരക്കാല, കുന്ദയം, 9745774002 | 433/1/15-A | 2 നില കെട്ടിടം ഭാഗികമായി |
| 12. | ഹനീഫ<br>ഫൈസൽ മൻസിൽ<br>എടത്തറ, പതിരിക്കൽ, 9995061319 | 433/1-15A-36/-1 | 3 നില കെട്ടിടം ചെറിയ തോതിൽ,<br>ചുറ്റുമതിൽ, ഗേറ്റ് |
| 13. | ബാബു കാസിം &<br>സബീന എസ്<br>കാഞ്ഞിരവിള വടക്കേതിൽ<br>സാജിത മൻസിൽ<br>പത്തനാപുരം 9207380602 | 415/3<br>19/5 | ചുറ്റുമതിൽ, കടയുടെ ചുറ്റുമ തിൽ, വീട്ടിലേയ്ക്കുള്ള വഴി, 2 നില കെട്ടിടത്തിലെ 3 കടമുറികൾ ചെറിയ തോതിൽ |
| 14. | ചിത്രാംഗദൻ (late)<br>(ശ്രീചിത്ര ലാബ്)<br>പൂമംഗലത്ത് വീട്<br>പുളിവിള പന്തപ്ലാവ് പി ഒ<br>8301947662 (ആകാശ്) | 433/1/56/156/2 | 2 നില കെട്ടിടം ഭാഗികമായി |
| 15. | എബി ഡാനിയേൽ &<br>സുജ എബി ഡാനിയേൽ<br>അമ്മാനത്ത് ഹൗസ്<br>പത്തനാപുരം 9497028946 | 414/1/3/5 | ചുറ്റുമതിൽ, ഗേറ്റ്, |
| 16. | 1. സതീഷ് മോഹൻ<br>'അയോധ്യ'<br>കിഴക്കേക്കര, കൊട്ടാരക്കര<br>2. സുധ അശോകൻ<br>ഗോവിന്ദമംഗലം<br>കവലയിൻ ജംഗ്ഷൻ<br>പത്തനാപുരം,9447502880 (സതീഷ്)<br>9496602788 | 414/1/3H<br>413/1/3G | സ്ഥലം |

| | | | |
|---|---|---|---|
| 17. | വിനോദ് മാത്യു<br>വിനോദ് ഭവൻ<br>തെക്കേടത്ത് പത്തനാപുരം<br>9947460478 | 409/1/35<br>409/1/35/1<br>409/1/1 | |
| 18. | മുഹമ്മദ് ഫറൂഖ്<br>ദാറുൽ അനീസ മാഞ്ചല്ലൂർ<br>9744412222 | 438/1/18/13B | സ്ഥലം മാത്രം |
| 19. | ഷീന സലിം &<br>എം എസ് സലിം<br>മാലൂർ പട്ടാഴി, വടക്കേക്കര<br>മലൂർ പി ഒ 9447593768 | 431/1/2/5<br>431/1/2C | തേക്ക് 1<br>തെങ്ങ് 2 |
| 20. | രാജൻ ഫ്രാൻസിസ് &<br>മേബിൾ രാജൻ<br>വീണ ഭവൻ തൈക്കോട്<br>8547118436 | 409/1/3/1<br>431/12/4 | ചുറ്റുമതിൽ, പട്ടിക്കൂട്, കാർഷെഡ്, തെങ്ങ് 4, റമ്പൂട്ടാൻ, കുരുമുളക് |
| 21. | റോജി തോമസ്<br>പഴയിടത്ത്<br>പാറക്കടവിൽ പത്തനാപുരം<br>9495732190 | 418/8/1 | സ്ഥലം മാത്രം |
| 22. | കെ ഒ അബ്രാഹം<br>Nr. ചർച്ച് പത്തനാപുരം<br>9447051321 | 417/5 | സ്ഥലം മാത്രം |
| 23. | ഡോ.ഹരീഷ്<br>സീനത്ത് മൻസിൽ<br>പാൽക്കുളങ്ങര<br>വഞ്ചിയൂർ 9562521177 | 416/10/12 | |
| 24. | ബേബി രാജ്<br>മടയത്തറ വീട്<br>പതിരിക്കൽ പത്തനാപുരം<br>8921101115 | 417/5E1-3<br>417/5E1-4 | സ്ഥലം മാത്രം |
| 25. | ഡോ.ലീലാമണി<br>എസ് എൽ വി ബംഗ്ലാവ്<br>പത്തനാപുരം, 9447123799 | 433/1/175 | ചുറ്റുമതിൽ, ഗേറ്റ്, മാവ് 1 |

| | | | |
|---|---|---|---|
| 26. | മുഹമ്മദ് ഹനീഫ<br>ഈട്ടിവിള വടക്കേതിൽ<br>പത്തനാപുരം<br>7558838771, 9447462241 | 433/1/14/73/3<br>/56/1 | കിണർ, ഗേറ്റ്, ചുറ്റുമതിൽ, ഡ്രയിനേജ് |
| 27. | കെ എം ഷാജഹാൻ,<br>അബ്ദുള്ള, ഷേക്ക് പരീത്,<br>നൈസം<br>എടുത്തുണ്ടിൽ വീട്<br>മാലൂർ കോളേജ് പി ഒ<br>പട്ടഴി, വടക്കേക്കര | 433/14/173 | |
| 28. | നൗഷാദ് ആർ<br>മെഹബൂബ് മൻസിൽ<br>പത്തനാപുരം | 433/1-20 | ചുറ്റുമതിൽ |
| 29. | ഡോ. മത്തായി | 433/3/14 | |
| 30. | ഗവ. യു ഐ ടി സ്കൂൾ | 433/1/15A/85 | ചുറ്റുമതിൽ |
| 31. | മെഹബ്<br>സുറുമി കോട്ടേജ്<br>നടുക്കുന്ന്, പത്തനാപുരം<br>9947753030 | 433/1-15A-<br>36/8A | സ്ഥലം<br>തെങ്ങ് 1 |
| 32. | ഓപ്ടം, ഐ ഹോസ്പിറ്റൽ<br>കാഞ്ഞിരവിള<br>മഞ്ചല്ലൂർ കുന്ദയം പി ഒ<br>9946946818 | 433/1/17/374 | സ്ഥലം മാത്രം |
| 33. | മെഹബൂബ്<br>പുത്തൻവിള<br>നടുക്കുന്ന് 9567259579 | 415/5/29/41/2 | |
| 34. | നെബു സാഹിബ്<br>പുത്തൻവിള<br>നെടുമ്പറമ്പ്, പത്തനാപുരം<br>9895720178 | | ചുറ്റുമതിൽ |
| 35. | ജോസ് തോമസ്<br>പുളിങ്കുന്നിൽ, സാജു വില്ല<br>പതിരിക്കൽ | 414/1 | |

| | | | |
|---|---|---|---|
| 36. | ഷാജഹാൻ (പള്ളിക്കണ്ടം)<br>ഫാത്തിമ മൻസിൽ<br>നടുക്കുന്ന്, പത്തനാപുരം<br>9947755303 | 472/20 | |
| 37. | മുഹമ്മദ് സാലി<br>വിളയിൽ വീട്<br>ടൗൺ വാർഡ് പത്തനാപുരം<br>8281597736 | 412/10B<br>412//3A | |
| 38. | ഉമ്മൻ റ്റി ഉമ്മൻ<br>(ബഥേൽ ഗോസ്പെൽ കൺ വെൻഷൻ സെൻറർ)<br>പൊയ്കയിൽ, ഗ്രേസ് വില്ല<br>പത്തനാപുരം<br>9447417868 (എം.ഓ അനിയൻ) | 412/4A/20<br>412/4B/1<br>412/6A/1<br>412/6B/1<br>412/7/19<br>462/2A1<br>462/2A1/2<br>472/10C-2<br>472/21-2<br>472/8-2 | |
| 39. | അയിഷാബീവി<br>മുറ്റമൺ ഹൗസ്<br>നടുക്കുന്ന് പത്തനാപുരം<br>8547902052 | 412/2A<br>412/2B<br>412/9 | |
| 40. | ഹബീബ് റഹ്മാൻ (സി ആർ നജീബ് –ബ്രദർ)<br>ഹബീബ് മൻസിൽ, പത്തനാപുരം<br>9544307336 | 412/12<br>412/11/1 | വഴി, തെങ്ങ് 2 |
| 41. | റവ. ഫാദർ മാത്യു ജെ ഓടലനി<br>(ആർ സി ചർച്ച്)<br>അതിരൂപത–അരമന<br>കിഴക്കുഭാഗം, വാഴപ്പള്ളി<br>ചങ്ങനാശ്ശേരി, 9496839551 | 411/14/1<br>411/15/1/2<br>411/15/3<br>411/16/1/13/1<br>412/10/1<br>412/10/2C/1 | ഷീറ്റിട്ട ഭാഗം<br>ശൗചാലയം |
| 42. | രാധാകൃഷ്ണൻ<br>കൊല്ലംപറമ്പിൽ<br>പത്തനാപുരം, 9048192114 | 433/1/13/1<br>433/1/16/4 | |
| 43. | ഇടിക്കുള വാവച്ചൻ<br>എ ജി ഗോസ്പെൽ സെൻറർ | 415/7/2<br>415/7/3 | ചുറ്റുമതിൽ |

| | | | |
|---|---|---|---|
| 44. | ഡോ. സിബി മുഹമ്മദ് | 433/13/16 | |
| 45. | അജീഷ്<br>(മിത്ര ഫിനൻസ്)<br>9656619106 | 83/96 | |
| 46. | ഷംസുദ്ദീൻ<br>മുട്ടമൺ ഹൗസ്<br>നടുക്കുന്ന് | 412/11 | |
| 47. | റസീല നാസർ<br>ഷാഹുൽ നാസർ (ഏ വൺ സർവ്വീസ് സെൻറർ)<br>8943859996 | 472/25, 26, 27, 28, 29,36 | |
| 48. | മുഹമ്മദ് സലി<br>വിളയിൽ വീട്, പത്തനാപുരം<br>9946020155 | 472/1,<br>474/1A-2 | |
| 49. | പുറമ്പോക്ക്<br>മീറ്റ് സ്റ്റാൾ | 474/1 | |
| 50. | ജോർജ്കുട്ടി<br>ചാമക്കല<br>പുത്തൻ വീട്<br>പത്തനാപുരം | 409/1/2/8 | |

**പദ്ധതി ബാധിതരാകുന്ന വാടകക്കാർ, തൊഴിലാളികൾ**

| ക്രമ നം | വാടകക്കാരൻെറ പേര്, വിലാസം | കടയുടെ പ്രവർത്തനം | ഭൂവുടമയുടെ പേര് |
|---|---|---|---|
| 1 | ശിവൻ കുട്ടി<br>മുണ്ടക്കൽതെക്കേതിൽ<br>നടുക്കുന്ന് പത്തനാപുരം<br>9446107368 | ഇലക്ട്രോണിക് സർവ്വീസ്സ് | ഹനീഫ<br>9995061319 |
| 2 | സജി കുമാർ<br>പ്ലാംതുണ്ടിൽ വീട്<br>കാര്യറ, കമുകുംചേരി,<br>പിടവൂർ, 8086928848 | ലക്ഷ്മി സ്റ്റോഴ്സ് | മെഹബൂബ് സാഹിബ് |

### 5.2. വനാവകാശം നഷ്ടപ്പെടുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ

വനാവകാശ നിയമത്തിൽ കീഴിൽ വരുന്ന പട്ടിക വർഗ്ഗ/ആദിവാസി കുടുംബങ്ങൾ പദ്ധതി ബാധിതമാകുന്നില്ല.

### 5.3. പൊതുവിഭവങ്ങൾ ആഘാതബാധിതമാകുന്നതു മൂലം ഉപജീവനമാർഗം നഷ്ടപ്പെടുന്ന കുടുംബങ്ങൾ

കുടുംബങ്ങൾ ഉപജീവനത്തിനായി ഉപയോഗിക്കുന്ന പൊതുവിഭവങ്ങൾ പദ്ധതി പ്രദേശത്തില്ല.

### 5.4 കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും പദ്ധതിയിലൂടെ ലഭിച്ച സ്ഥലം ഏറ്റെടുക്കപ്പെടുന്ന കുടുംബങ്ങൾ

സർക്കാർ നൽകിയിട്ടുള്ള സ്ഥലങ്ങൾ പദ്ധതി പ്രദേശത്തില്ല

### 5.5 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന നഗരപ്രദേശത്ത് താമസിക്കുന്ന കുടുംബങ്ങൾ

പദ്ധതി ബാധിതരിൽ ഭൂരിഭാഗം പേരും പ്രദേശത്ത് താമസിക്കുന്നു. ഇവരിൽ ഒരു വീട് ഭാഗികമായി നഷ്ടമാകും, 7 ഓളം കെട്ടിടങ്ങളും പദ്ധതി ബാധിതമാകും

### 5.6. 3 വർഷമോ അതിലധികമോ ഏറ്റെടുക്കപ്പെടുന്ന ഭൂമിയിൽ പ്രാഥമിക ജീവനോപാധിയായി ആശ്രയിച്ചിരുന്ന കുടുംബങ്ങൾ

എറ്റെടുക്കുന്ന പ്രദേശത്ത് രണ്ട് കച്ചവട സ്ഥാപനങ്ങൾ ടി പദ്ധതി മൂലം നഷ്ടമാകനിടയുണ്ട്

#### 5.6.1. പദ്ധതിയുടെ പരോക്ഷ ആഘാതബാധിതർ

പദ്ധതി നടപ്പിലാക്കുന്നതു വഴി രണ്ട് വാടകക്കാർക്ക് കടകൾ ഒഴിയേണ്ടി വന്നേക്കാം

#### 5.6.2. ഫലദായക വസ്തുക്കളുടെയും പ്രത്യേക സ്ഥലങ്ങളുടെയും വിവരപട്ടിക

പദ്ധതിബാധിതരാകുന്ന ഭൂവുടമകളിൽ, 11 ഓളം പേരുടെ സ്ഥലങ്ങളിൽ റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറി കൃഷികൾ തുടങ്ങിയ ഫലദായക വൃക്ഷങ്ങളും നഷ്ടമാകുന്നു.

# അദ്ധ്യായം 6

# സാമൂഹ്യ സാമ്പത്തിക സാംസ്കാരിക രൂപരേഖ

പദ്ധതിബാധിത കുടുംബങ്ങളുടെ സാമൂഹ്യ-സാമ്പത്തിക-സാംസ്കാരിക സ്ഥിതിയെ കുറിച്ചാണ് ഈ അദ്ധ്യായത്തിൽ പ്രതിപാദിക്കുന്നത്. ജനസംഖ്യാപരമായ വിശദാംശങ്ങൾ, സാമ്പത്തിക സ്ഥിതി, പദ്ധതി ബാധിത കുടുംബങ്ങളുടെ ഇടയിലുള്ള ദുർബല ജനവിഭാഗം, പ്രദേശത്തെ സാമ്പത്തിക പ്രവർത്തനങ്ങൾ, ജീവനോപാധി ബാധിതമായ കുടുംബങ്ങൾ, പദ്ധതി ബാധിതമായ ജനങ്ങളുടെ സാമൂഹ്യവത്കരണം എന്നിവയും അനുബന്ധ വിവരങ്ങളുമാണ് ഈ അദ്ധ്യായത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

### 6.1 പദ്ധതി പ്രദേശത്തെ ജനസംഖ്യാപരമായ വിവരങ്ങൾ

പദ്ധതിക്കു വേണ്ടി ഏറ്റെടുക്കുന്ന സ്ഥലങ്ങൾ കൊട്ടാരക്കര താലൂക്കിൽപെട്ട കൊട്ടാരക്കര, മൈലം വില്ലേജുകളിൽ പെട്ട പ്രദേശങ്ങൾ ആണ്. പഠന സംഘം വിവരങ്ങൾ ശേഖരിച്ച 50 കുടുംബങ്ങളിൽ ഭൂരിഭാഗം പേരും പദ്ധതി പ്രദേശത്തിനു പരിസരത്തായി താമസിക്കുന്നു. ചില ഭൂവുടമകൾ ജില്ലയുടെ വിവിധ ഭാഗങ്ങളിലും, പുറത്തും ജീവിക്കുന്നവരാണ് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ പങ്കെടുത്ത പദ്ധതി ബാധിത ഭൂവുടമകളുടെ കുടുംബങ്ങളിലെ ജനസംഖ്യാപരമായ വിവരങ്ങൾ തുടർന്ന് നൽകുന്നു. ഭൂരിഭാഗം കുടുംബങ്ങളും മുസ്ലിം വിഭാഗത്തിൽ പെടുന്നു, ക്രൈസ്തവരും ന്യൂനപക്ഷം ഹിന്ദു കുടുംബങ്ങളും പദ്ധതി പ്രദേശത്ത് താമസിക്കുന്നു

### 6.2. വരുമാനവും ദാരിദ്ര്യതലവും

ലഭ്യമായ വിവരം അനുസരിച്ച്, പദ്ധതി ബാധിതമായ കുടുംബങ്ങൾ പ്രധാനമായും വെള്ള നിറത്തിലുള്ള റേഷൻ കാർഡ് ആണ് കൈവശം വച്ചിരിക്കുന്നത്. നീല നിറത്തിലും (9), പിങ്ക് നിറത്തിലും (2) റേഷൻ കാർഡ് കൈവശമായവരുമുണ്ട്. പദ്ധതി ബാധിതരിൽ ഭൂരിഭാഗം പേരുടെയും ഉപജീവനമാർഗ്ഗം കച്ചവടവും, ബിസിനസ്സും, കൃഷിയും ദിവസവേതന ജോലികളുമാണെന്ന് കാണാം. ഗവൺമെൻറ് ജോലിക്കാരും, പ്രൊഫഷണൽ ജോലി ചെയ്യുന്നവരും പദ്ധതി ബാധിത കുടുംബങ്ങളിലുണ്ട്.

### 6.3. ദുർബലജനവിഭാഗം

പദ്ധതി ബാധിത കുടുംബങ്ങളി ൽ മുതിർന്ന പൗരന്മാരും കുട്ടികളും ഉൾപ്പെടുന്നു.

## 6.4 ഭൂമിയുടെ ഉപയോഗവും ഉപജീവനമാർഗവും

### പദ്ധതിബാധിത ഭൂമിയുടെ ഉപയോഗം

നിലവിലെ ഉപയോഗം വിലയിരുത്തുമ്പോൾ, വിവരം നൽകിയ ഭൂവുടമകളുടെ വീടിനോട് ചേർന്നുള്ള പുരയിടമോ, കൃഷി സ്ഥലമോ അല്ലെങ്കിൽ ഉപജീവനമാർഗ്ഗമായി നടത്തി വരുന്നവയോ ആണ് നഷ്ടമാകുന്നത്. ഒരു വീട് ഭാഗികമായി പദ്ധതി ബാധിതമാകും. റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറി മുതലായ കൃഷി വിളകളും വരുമാനവും നഷ്ടമാകുന്നു.

## 6.5. പ്രാദേശിക സാമ്പത്തിക പ്രവർത്തനങ്ങൾ

പദ്ധതി ബാധിത പ്രദേശത്ത് സാമ്പത്തിക പ്രവർത്തനങ്ങൾ ഇല്ല.

## 6.6. പ്രാദേശിക ഉപജീവന ഘടകങ്ങൾ

പദ്ധതിബാധിത കുടുംബങ്ങളിൽ ഭൂരിഭാഗവും കച്ചവടവും, ബിസിനസ്സും, കൃഷിയെയും, ദിവസ വേതന ജോലികളെയും ആശ്രയിച്ചു ജീവിക്കുന്നവരാണ് ഗവൺമെൻറ് ജോലിക്കാരും, പ്രൊഫഷണൽ ജോലി ചെയ്യുന്നവരും പദ്ധതി ബാധിത കുടുംബങ്ങളിലുണ്ട്. റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറി കൃഷികൾ തുടങ്ങിയ കൃഷികൾ പ്രദേശത്തെ ആളുകളുടെ വരുമാനമാർഗ്ഗമാണ്.

## 6.7. കുടുംബ ബന്ധങ്ങളും സാമൂഹിക സാംസ്കാരിക സംഘടനകളും

പദ്ധതി പ്രദേശത്തെ ഭൂരിഭാഗം കുടുംബങ്ങളും അണുകുടുംബങ്ങളും വിസ്തൃത കുടുംബങ്ങളുമാണ്. പദ്ധതിബാധിത പ്രദേശത്ത് സാംസ്കാരിക സംഘടനകൾ ഒന്നും തന്നെ പ്രവർത്തിക്കുന്നില്ല

## 6.8 ഭരണ സംഘടനകൾ

പദ്ധതി പ്രദേശത്ത് ഭരണസംഘടനകളുടെ സ്ഥാപനങ്ങളില്ല.

## 6.9 രാഷ്ട്രീയ സംഘടനകൾ

രാഷ്ട്രീയ സംഘടനകളുടെ വസ്തുവകകൾ പദ്ധതി ബാധിതമാകുന്നില്ല.

## 6.10 സാമൂഹ്യാധിഷ്ഠിതമായ പൗരസംഘടനകൾ

പൗരസംഘടനകളുടെ വസ്തുവകകൾ ഏറ്റെടുക്കലിൽ ഉൾപ്പെട്ടതായി കാണുന്നില്ല.

## 6.11. പ്രാദേശീകവും ചരിത്രപരവുമായ പരിണാമപ്രക്രിയ

കൊല്ലം ജില്ല കേരളത്തിൻെറ ഒരു സംക്ഷിപ്തരൂപമാണെന്നു പറയാറുണ്ട്. മറ്റു ജില്ലകളിൽ കാണുന്ന എല്ലാത്തരം ഭൂമിശാസ്ത്രപരമായ പ്രത്യേകതകളും ഇവിടെ സമ്മേളിച്ചിരിക്കുനു. കൊല്ലം ജില്ലയുടെ കിഴക്ക് ഭാഗത്തായി സഹ്യപർവതത്തിനോട് അടുത്തു കിടക്കുന്ന പ്രദേശമാണ് പത്തനാപുരം. മുൻപ് ഇവിടം പത്തനപുരം എന്ന് അറിയപ്പെട്ടിരുന്നു. പണ്ട് കാലം മുതൽ പത്തനാപുരം ഒരു പ്രധാന വ്യാപാര കേന്ദ്രമായിരുന്നു, കൊട്ടാരക്കര, അടൂർ, പുനലൂർ തുടങ്ങിയ വ്യാപാരപാതകൾക്കിടയിൽ ഉണ്ടായിരുന്ന പ്രദേശം എന്ന നിലയിൽ പത്തനാപുരം പട്ടണവും അതിവേഗം വളർന്നു. കേരളത്തിലെ സുഗന്ധവ്യഞ്ജന മേഖലയിൽ ഉൾപ്പെടുന്ന ഇവിടം നെല്ല്, കുരുമുളക്, ഇഞ്ചി, കശുവണ്ടി, മരച്ചീനി, റബ്ബർ എന്നിവ ധാരാളമായി കൃഷി ചെയ്യപ്പെടുന്നു. ക്ഷേത്രങ്ങളും, പള്ളികളും ചേർന്ന് മത സാംസകാരിക വൈവിധ്യത്തിനു പേരുകേട്ട പത്തനാപുരത്തെ മഹാദേവ ക്ഷേത്രം ഏറ്റവും പഴക്കമേറിയ ക്ഷേത്രങ്ങളിൽ ഒന്നാണ്.

## 6.12. ജീവിത സാഹചര്യങ്ങളുടെ ഗുണനിലവാരം

പദ്ധതി പ്രദേശങ്ങളെല്ലാം ജനവാസ മേഖലകളാണ്. പ്രദേശവാസികൾക്ക് അവശ്യ സൗകര്യങ്ങളെല്ലാം പ്രാപ്യമാണ്.

# അദ്ധ്യായം 7

# സാമൂഹ്യ പ്രത്യാഘാത നിയന്ത്രണം

### 7.1. സാമൂഹ്യ പ്രത്യാഘാതം ദൂരീകരിക്കുന്നതിനുള്ള സമീപനം

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനായി ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥലത്തെ പഠന സംഘം വിവരങ്ങൾ ശേഖരിച്ച 50 കുടുംബങ്ങളിൽ ഒരു വീട് ഭാഗികമായും ബാധിക്കപ്പെടുകയും, 2ഓളം കുടുംബങ്ങളുടെ വരുമാന മാർഗ്ഗമായ കടകൾ മറ്റ് വ്യാപാര സ്ഥാപനങ്ങൾ എന്നിവ നഷ്ടമാകുകയും ചെയ്യും. പദ്ധതി ബാധിത പ്രദേശത്തെ കൃഷി ബാധിതമാവുകയും ചെയ്യും. പ്രദേശവാസികൾ ഉപയോഗിച്ചുവരുന്ന പദ്ധതി ബാധിത പ്രദേശത്തെ ആർ.സി ചർച്ചിന്റെ സ്ഥലവും ശൗചാലയവും, ബദേൽ ഗോസ്പൽ ചർച്ചിന്റെ കൺവെൻഷൻ സെൻററിനു പുറകിലുള്ള സ്ഥലവും തണ്ണീർത്തടവും നഷ്ടമാകുന്നു. ഗവൺമെൻറ് ഐ.ടി.ഐ യുടെ ചുറ്റുമതിലും നഷ്ടമാകുന്നു കൈരളി ലാബിന്റെ കെട്ടിടത്തിന്റെ ഒരു ഭാഗവും നഷ്ടമാകും.

ഭൂമിയേറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുന:രധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശനിയമം 2013 അനുശാസിക്കുന്ന നഷ്ടപരിഹാരവും പുന:രധിവാസ-പുന:സ്ഥാപന പാക്കേജും നൽകുന്നതിലൂടെ പദ്ധതി ബാധിതർക്കുണ്ടാകുന്ന നഷ്ടങ്ങൾ ലഘൂകരിക്കാനാകും. എന്നിരുന്നാലും കുടുംബങ്ങൾക്ക് ഉപജീവന മാർഗം നഷ്ടമാകുന്നത് മൂലം ഉണ്ടാകുവാനിടയുള്ള ബുദ്ധിമുട്ടുകൾ കഴിയുന്നത്ര ലഘൂകരിക്കുന്നതിന് പുന:രധിവാസ-പുന:സ്ഥാപന പാക്കേജും നഷ്ട പരിഹാരവും സമയാധിഷ്ടിതമായും ന്യായമായും നൽകുന്നു എന്ന് ഉറപ്പ് വരുത്തേണ്ടതുണ്ട്. കൂടാതെ നിർമ്മാണ മാലിന്യങ്ങൾ യഥാസമയം ശാസ്ത്രീയമായി നിർമാർജനം ചെയ്തുകൊണ്ട് പ്രദേശത്തിന്റെ സുസ്ഥിരമായ പരിസ്ഥിതി ഉറപ്പ് വരുത്തേണ്ടതാണ്. പദ്ധതി പ്രദേശങ്ങളുടെ സുഗമമായ പരിസ്ഥിതി സംരക്ഷിച്ചുകൊണ്ട് പദ്ധതി നിർവ്വഹണം നടത്തപ്പെടണം എന്നതും ശ്രദ്ധിക്കേണ്ട വസ്തുതയാണ്.

ടി അദ്ധ്യായത്തിന്റെ തുടർന്ന് വരുന്ന ഭാഗത്ത് അതായത് 7.2.ൽ നൽകിയിരിക്കുന്ന ശുപാർശകൾ കൂടി നഷ്ടപരിഹാര നടപടികളിൽ പരിഗണിച്ചുകൊണ്ടും, നിയമാനുസൃത

മായ നഷ്ടപരിഹാര നടപടികൾ, പദ്ധതിബാധിതരെ കൃത്യമായി ബോധ്യപ്പെടുത്തിക്കൊണ്ടും നടപ്പിലാക്കുന്നത് പ്രത്യാഘാത ലഘൂകരണത്തിന് ഉചിതമായിരിക്കും.

## 7.2. ആഘാതം ഒഴിവാക്കുവാനോ, ലഘൂകരിക്കുവാനോ, നഷ്ടം നികത്തുവാനോ ഉള്ള മാർഗ്ഗങ്ങൾ

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം ബൈപ്പാസ് നിർമ്മാണത്തിനു വേണ്ടി പത്തനാപുരം വില്ലേജിൽ നിന്നും ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള, ഭൂമി നഷ്ടമാകൽ, കച്ചവട സ്ഥാപനങ്ങൾ നഷ്ടമാകൽ, മരങ്ങൾ നഷ്ടമാകൽ, ഉപജീവനമാർഗ്ഗം, വരുമാനം നഷ്ടമാകൽ, വീട്ടിലേക്കുള്ള വഴി നഷ്ടമാകൽ തുടങ്ങി വിവിധങ്ങളായ സാമൂഹ്യ പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിന് താഴെ പറയുന്ന നടപടികൾ നിർദ്ദേശിക്കുന്നു.

- ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 & കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015, ടി നിയമത്തിൻെറയും ചട്ടത്തിൻെറയും വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ വകുപ്പിൻെറ 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/ 2015/RD പ്രകാരവും, 29/12/2017തീയതിയിലെ G.O(Ms)No.448/2017/RD പ്രകാരവും കേരള സർക്കാർ പുറപ്പെടുവിച്ച പോളിസികൾ പ്രകാരമുള്ള നഷ്ടപരിഹാരം, പുനരധിവാസ- പുനസ്ഥാപനം എന്നിവ പദ്ധതി ബാധിതർക്ക് നൽകുക.
- പദ്ധതി പ്രദേശത്തെ നിർമ്മിതികൾ പദ്ധതിബാധിതമാകുന്ന ഉടമകൾക്ക് സമയാധിഷ്ടിതമായി നഷ്ടപരിഹാരവും പുനസ്ഥാപന നടപടികളും നൽകി അവരുടെ ഉപജീവനം നിലനിറുത്തേണ്ടതാണ്. കൂടാതെ പ്രസ്തുത നിർമ്മിതികളിൽ 3 വർഷമോ അതിലധികമോ ആയി പ്രവർത്തിച്ചു കൊണ്ടിരിക്കുന്ന വാടകക്കാരെയും തൊഴിലാളികളെയും മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരത്തിന് പരിഗണിക്കേണ്ടതാണ്.
- വീടിനോട് ചേർന്നുള്ള ഗേറ്റ്, ചുറ്റുമതിൽ മുതലായ നിർമ്മിതികൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം

- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതിരൂപരേഖയോട് ചേർന്ന് വരുന്ന കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്
- ഏറ്റെടുക്കലിൽ ഭാഗികമായോ, ചെറിയ തോതിലൊ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളോ വീടുകളോ പദ്ധതിക്കായി പൊളിക്കേണ്ടിവന്നാൽ ടി കെട്ടിടങ്ങളുടെ അവശേഷിക്കുന്ന ഭാഗങ്ങൾക്ക് ബലക്ഷയം ഉണ്ടാകുന്നുണ്ടോ എന്ന് കൃത്യമായി വിലയിരുത്തി നഷ്ടപരിഹാരം തീരുമാനിക്കേണ്ടതാണ്.
- ഭുവുടമകൾക്ക് റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറി കൃഷികൾ അതിൽനിന്നുമുള്ള വരുമാനവും നഷ്ടമാകുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം
- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന മിച്ചഭൂമി ഉടമയ്ക്ക് ഉപയോഗയോഗ്യ മല്ലെങ്കിൽ, നിജസ്ഥിതി പരിശോധിച്ച് പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കേ ണ്ടതാണ്
- പുതിയ ബൈപ്പാസ് റോഡ് നിലവിലെ റോഡുമായി ചേരുന്ന സ്ഥലത്ത് നിർമ്മാണ പ്രവർത്തികൾ നടക്കുമ്പോൾ ഈ റൂട്ടിലൂടെയുള്ള ഗതാഗതം പൂർണ്ണമായി തടസ്സ പ്പെടാത്ത രീതിയിൽ വേണ്ട മുന്നൊരുക്കങ്ങൾ ആസൂത്രണം ചെയ്യുക.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്ല്യവും യന്ത്ര സാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി യഥാ സമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം.
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷ തൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക.

### 7.3. നിയമത്തിൽ പ്രതിപാദിച്ചിരിക്കുന്നതു പ്രകാരം പുനരധിവാസത്തിനും പുന:സ്ഥാപന ത്തിനും നഷ്ടപരിഹാരത്തിനുമുള്ള നടപടിക്രമങ്ങൾ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 ൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെൻറ് 23.09.2015 തീയതിയിൽ G.O(MS)No.485/2015/RD പ്രകാര വും, 29/12/2017 തീയതിയിൽ G.O(MS) No.448/2017/ RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നഷ്ടപരിഹാരത്തിനും പുനഃരധിവാസ – പുനഃസ്ഥാപന പാക്കേജിനുമുള്ള പോളിസികൾ പ്രകാരമുള്ള നടപടിക്രമങ്ങൾ കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ ബൈപ്പാസ് നിർമ്മിക്കുന്നതിന് വേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ പദ്ധതിയ്ക്ക് ബാധകമാണ്.

### 7.4. പദ്ധതിരേഖയിൽ ഉൾപ്പെടുത്തുമെന്ന് അർത്ഥനാധികാരി പ്രസ്താവിച്ചിട്ടുള്ള നടപടികൾ

പ്രസ്തുത വിവരം ലഭിച്ചിട്ടില്ല.

### 7.5 സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിൽ കണ്ടെത്തിയ വിവിധങ്ങളായ പ്രത്യാഘാതങ്ങളുടെ തീവ്രത കുറയ്ക്കുവാൻ വേണ്ടി പദ്ധതി രൂപകൽപനയിൽ വരുത്തേണ്ട മാറ്റങ്ങൾ

പദ്ധതിയുടെ രൂപരേഖയിൽ മാറ്റങ്ങൾ ഒന്നും നിർദ്ദേശിക്കപ്പെട്ടിട്ടില്ല. കുടുംബങ്ങൾക്ക് പ്രത്യാഘാതങ്ങൾ കഴിയുന്നത്ര കുറവ് വരുന്ന വിധത്തിൽ ആണ് രൂപരേഖ തയ്യാറാക്കപ്പെട്ടിട്ടുള്ളത് എന്ന് പഠനസംഘം വിലയിരുത്തുന്നു.

### 7.6. ഓരോ നടപടികളും അതിനുവേണ്ട സമയക്രമവും ഉൾക്കൊള്ളിച്ചുകൊണ്ട് ആഘാതം ദുരീകരിക്കുന്നതിനുള്ള വിശദമായ പദ്ധതി

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കലിൻെറ സാമൂഹ്യ പ്രത്യാഘാതം കുറയ്ക്കുന്നതിന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസ ത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം കൃത്യമായി പാലിച്ചു കൊണ്ട്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരി ഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള

അവകാശ നിയമം 2013 ന്റെ വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായി 23.09.2015 ൽ പുറപ്പെടുവിച്ച G.O(MS) No.485/2015/RD പ്രകാരവും പദ്ധതി കേരള സർക്കാർ റവന്യൂ ഡിപ്പാർട്ട്മെന്റ് 29/12/2017 തീയതിയിൽ G.O(MS) No.448/2017/RD പ്രകാരവും പദ്ധതിബാധിതർക്ക് നഷ്ടപരിഹാരം, പുനരധിവാസ-പുനസ്ഥാപന പാക്കേജ് എന്നിവ നൽകുന്നതിലൂടെ പദ്ധതിയുടെ പ്രത്യാഘാതങ്ങൾ ലഘൂകരിക്കാവുന്നതാണ്.

സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠനത്തിലൂടെ ലഭ്യമായ വിവരങ്ങൾ വിശകലനം ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഈ പദ്ധതിക്ക് വേണ്ടി ഭൂമി ഏറ്റെടുക്കുമ്പോൾ ഉണ്ടാകുവാനിടയുള്ള പ്രത്യാഘാതങ്ങൾ ലഘൂകരിക്കുന്നതിനായി തയ്യാറാക്കിയ സാമൂഹ്യ പ്രത്യാഘാത നിയന്ത്രണ പദ്ധതി പട്ടിക 7.6.1 ൽ നൽകിയിരിക്കുന്നു.

**പട്ടിക 7.6.1 സാമൂഹ്യ പ്രത്യാഘാത ലഘൂകരണപദ്ധതി**

| ക്രമ നമ്പർ | പ്രതീക്ഷിക്കുന്ന പ്രത്യാഘാതം | പ്രത്യാഘാത ലഘൂകരണം | സമയക്രമം | നിരീക്ഷണ സൂചികകൾ |
|---|---|---|---|---|
| 1 | സ്ഥലം നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ന്യായമായ ഭൂമി വിലയും നിയമാധിഷ്ടിതമായ മറ്റ് ആനുകൂല്യങ്ങളും നൽകുന്നു എന്ന് ഭൂവുടമകളെ ബോധ്യപ്പെടുത്തൽ |
| 2 | വീട് നഷ്ടമാകൽ | RFCTLARR നിയമം 2013 ഒന്നാം പട്ടികപ്രകാരമുള്ള നഷ്ടപരിഹാരം നൽകുക RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള ചട്ടം 2015 പ്രകാരമുള്ള സമയക്രമം | |
| 3 | കെട്ടിടങ്ങൾ ഉൾപ്പടെ വസ്തുവിനോട് ചേർന്നുള്ള ആസ്തികളുടെ നഷ്ടം | RFCTLARR നിയമം 2013 ഒന്നാംപട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിന്റെ പോളിസികൾ പ്രകാരവുമുള്ള നഷ്ടപരിഹാരം നൽകുക | | ഭൂവുടമകളുടെ സാന്നിധ്യത്തിൽ ആസ്തികളുടെ കണക്കെടുപ്പ് നടത്തുകയും അവയുടെ മൂല്യ നിർണ്ണയ നടപടികൾ കൃത്യമായി ഉടമകളെ ബോധ്യപ്പെടുത്തുകയും ചെയ്യുക |

| | | | | |
|---|---|---|---|---|
| 4 | വരുമാനം നഷ്ടമാകൽ | RFCTLARR നിയമം 2013 രണ്ടാം പട്ടിക പ്രകാരവും അനുബന്ധമായ കേരള സംസ്ഥാന സർക്കാരിൻെറ പോളിസികൾ പ്രകാരവുമുള്ള പുനരധിവാസ-പുന:സ്ഥാപന പാക്കേജ് നൽകുക | | വരുമാനം നഷ്ടമാകുന്ന ഭൂവുടമകൾക്ക്, മതിയായ രേഖകളുടെ അടിസ്ഥാനത്തിൽ പുനരധിവാസ-പുനസ്ഥാപന പാക്കേജിന് പരിഗണന. |
| 6 | ഗതാഗത തടസ്സം/പ്രവേശന മാർഗം നഷ്ടമാകൽ | പദ്ധതി നിർമ്മാണഘട്ടത്തിൽ നിലവിലുള്ള റോഡിലൂടെയുള്ള ഗതാഗതം പൂർണ്ണമായി തടസ്സപ്പെടാതിരിക്കുന്നതിനുള്ള മർഗങ്ങൾ മുൻപേ ആസൂത്രണം ചെയ്യുക. പദ്ധതി നിലവിൽ വരുമ്പോൾ പ്രദേശത്തെ വീടുകളിലേക്കും വയലിലേക്കും മതിയായ പ്രവേശനമാർഗം ലഭ്യമാക്കണം. | | പദ്ധതിമൂലം ആരുടെയും സഞ്ചാരസ്വാതന്ത്ര്യവും, വസ്തുവകകളിലേക്കുള്ള പ്രവേശനവും നഷ്ടമാകുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |
| 7 | നിർമ്മാണ മാലിന്യങ്ങൾനിർമ്മാർജനം ചെയ്യാതിരിക്കൽ | നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയവും സമയാധിഷ്ടിതവുമായിനിർമ്മാർജനം ചെയ്യുക | പദ്ധതി നിർമ്മാണ ഘട്ടത്തിനു മുമ്പേ മാലിന്യ നിർമ്മാർ ജനം ആസൂത്രണം ചെയ്യുക | പ്രദേശത്തിൻെറ പരിസ്ഥിതിക്ക് ദോഷം ഉണ്ടാകാത്ത വിധത്തിൽ പദ്ധതി നിർവ്വഹണത്തിനു മുൻപേ നിർമ്മാണ മാലിന്യങ്ങൾ ശാസ്ത്രീയമായും സമയാധിഷ്ടിതമായുംനീക്കം ചെയ്യും എന്ന് ഉറപ്പ് വരുത്തുക |
| 8 | വൃക്ഷങ്ങൾ നഷ്ടമാകൽ | പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട്പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. | | പദ്ധതി പ്രദേശത്തെ പരിസ്ഥിതിക്ക് കോട്ടം വരുന്നില്ല എന്ന് ഉറപ്പ് വരുത്തൽ |

**7.7. സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി അർത്ഥനാധികാരി നിർവ്വഹിക്കേണ്ട നടപടികളിൽ പിന്നീട് നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകിയിട്ടുള്ള നടപടികളും, നിർവ്വഹിക്കാമെന്ന് ഉറപ്പ് നൽകാത്ത നടപടികളും.**

സാമൂഹ്യ പ്രത്യാഘാത ലഘൂകരണത്തിനായി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമവും ടി നിയമത്തിൻെറ വെളിച്ചത്തിൽ കേരള സർക്കാർ റവന്യൂ (ബി) ഡിപ്പാർട്ട്മെൻറ് പുറപ്പെടുവിച്ച 23.09.2015 തീയതിയിൽ G.O(MS)No. 485/ 2015/RD

പ്രകാരവും, 29/12/2017 തീയതിയിൽ G.O(MS)No.448/2017/RD പ്രകാരവും, നഷ്ടപരിഹാരവും, പുനരധിവാസ-പാക്കേജും നൽകുന്ന നടപടിയാണ് അർത്ഥനാധികാരി കൈക്കൊള്ളുന്നത്

# അദ്ധ്യായം 8

# സാമൂഹ്യ പ്രത്യാഘാത
# പദ്ധതി നിർവ്വഹണ സ്ഥാപന സംവിധാനം

## 8.1. ഓരോ പ്രത്യാഘാത ദുരീകരണ നടപടികൾക്കും ഉത്തരവാദപ്പെട്ട സ്ഥാപന സംവിധാനങ്ങളും നിയുക്ത വ്യക്തികളും

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 ലെ വകുപ്പ് 43 ഉം കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015, ചട്ടം 22 ഉം നിർവ്വചിക്കുന്നതിൻ പ്രകാരം, സർക്കാർ നിയമിക്കുന്ന അഡ്മിനിസ്ട്രേറ്റർക്ക് ആയിരിക്കും പദ്ധതി ബാധിത കുടുംബങ്ങൾക്കുള്ള പുനഃരധിവാസ പുനഃസ്ഥാപന സ്കീം തയ്യാറാക്കുന്നതിൻെറ ഉത്തരവാദിത്തം. സർക്കാരിൻെറയും, പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള കമ്മീഷണറുടെയും മേൽ നോട്ടത്തിനും മാർഗ്ഗനിർദ്ദേശത്തിനും നിയന്ത്രണത്തിനും വിധേയമായി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അഡ്മിനിസ്ട്രേറ്റർ തൻെറ കീഴിലുള്ള പദ്ധതിയ്ക്കു വേണ്ടി പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള സ്കീമിൻെറ രൂപീകരണത്തിനും നടത്തിപ്പിനും മേൽനോട്ടത്തിനും ഉത്തരവാദിയായിരിക്കുന്നതാണ്.

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനായുള്ള പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന:സ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് അഡ്മിനിസ്ട്രേറുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൊല്ലം ആണ്.

കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ഉം 23/09/2015ൽ പുറപ്പെടുവിച്ച ഉത്തരവ് G.O(MS)No.485/2015/RD പ്രകാരവും കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനു വേണ്ടി 2 കമ്മിറ്റികളാണ് ഉണ്ടായിരുന്നത് – ജില്ലാതല കമ്മിറ്റിയും സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റിയും. എന്നാൽ 14.02.2019 ലെ സർക്കാർ

ഉത്തരവ് GO (MS)No.56/2019/RD പ്രകാരം സംസ്ഥാന തലത്തിൽ നിയോഗിക്കപ്പെട്ട കമ്മിറ്റി നിറുത്തലാക്കി.

ജില്ലാതല കമ്മിറ്റിയിൽ താഴെ പറയുന്ന അംഗങ്ങൾ ഉൾപ്പെടുന്നു.

- ജില്ലാ കളക്ടർ
- പുനരഃധിവാസ പുനഃസ്ഥാപന അഡ്മിനിസ്ട്രേറ്റർ
- ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഓഫീസർ
- സാമ്പത്തിക ഉദ്യോഗസ്ഥൻ
- സാമ്പത്തിക തീരുമാനങ്ങൾ കൈക്കൊള്ളുവാൻ അർത്ഥനാധികാരികളുടെ പ്രതിനി ധികൾ
- പദ്ധതി പ്രദേശത്തെ തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൻെറ പ്രതിനിധികൾ

ഭൂമി ഏറ്റെടുക്കൽ നിർവ്വഹണ ഉദ്യോഗസ്ഥൻ തയ്യാറാക്കുന്ന അടിസ്ഥാന വില നിർണ്ണയ റിപ്പോർട്ടിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. പദ്ധതിബാധിതരുടെ രേഖകൾ പരിശോധിച്ച് തഹസിൽദാർ അഡ്മിനിസ്ട്രേറ്റർ മുമ്പാകെ സമർപ്പിക്കുന്ന 29/12/2017 തീയതിയിലെ സർക്കാർ ഉത്തരവിൽ പ്രതിപാദിക്കുന്ന പുനരധിവാസ– പുന:സ്ഥാപന പാക്കേജ് പ്രകാരമുള്ള തുക അഡ്മിനിസ്ട്രേറ്റർ സ്ഥലപരിശോധന, വിചാരണ, തെളിവെടുപ്പ് എന്നീ മാർഗങ്ങളിലൂടെ ഉറപ്പ് വരുത്തി ആവശ്യമായ ഭേദഗതികൾ വരുത്തി, ആയതിന്മേൽ ജില്ലാ കളക്ടർ അംഗീകാരം നൽകണം. ഇപ്രകാരം തയ്യാറാക്കപ്പെട്ട ലാൻറ് റവന്യൂ കമ്മീഷണറുടെ അംഗീകാരം നേടിയ ഭൂമിവിലയും, പുനരധിവാസ– പുന:സ്ഥാപന തുകയും കൂടാതെ ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ കെട്ടിടവില, വൃക്ഷ വിലയും കൂടി ഉൾപ്പെടുത്തിയ നിയമാനുസൃതമായ നഷ്ടപരിഹാരം ജില്ലാതല കമ്മിറ്റി പദ്ധതി ബാധിത കുടുംബത്തോട് വിശദീകരിക്കും. പദ്ധതി ബാധിത വ്യക്തിയുടെ/ കുടുംബത്തിൻെറ അനുമതി ലഭിച്ചു കഴിഞ്ഞാൽ ടി അനുമതിയും പദ്ധതി ബാധിതരുമായുള്ള മീറ്റിംഗ് മിനിറ്റ്സും ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ നടപടികൾ ജില്ലാ കളക്ടർക്ക് സമർപ്പിക്കും. നിശ്ചയിക്കപ്പെട്ട നഷ്ടപരിഹാരവും പുനരധിവാസ പുനസ്ഥാപന പാക്കേജും പദ്ധതി ബാധിത വ്യക്തിക്ക്/ കുടുംബത്തിന് അനുമതി പത്രത്തോടൊപ്പം സമർപ്പിച്ച ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിക്കും.

**8.2. സർക്കാതിര സ്ഥാപനങ്ങളുടെ പങ്കാളിത്തം ഉണ്ടെങ്കിൽ വിവരിക്കുക**

ഒരു പൊതു ആവശ്യത്തിനു വേണ്ടി സർക്കാർ ഭൂമി ഏറ്റെടുക്കുമ്പോൾ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തണമെന്ന് ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാര ത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 4 അനുശാസിക്കുന്നു. കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കു ന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി വ്യക്തികളെയോ സംഘടന കളെയോ സാമൂഹ്യ പ്രത്യാഘാത പഠന യൂണിറ്റായി സർക്കാരിന് കാലാനുസൃതമായി അനുമതി നൽകാമെന്ന് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ ചട്ടങ്ങൾ, 2015 ൻെറ ചട്ടം 9 ൽ നിർവ്വചിച്ചിരിക്കുന്നു. അതിൻ പ്രകാരം രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസിനെ കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം ബൈപ്പാസ് നിർമ്മിക്കുന്നതിനായി പത്തനാപുരം വില്ലേജിൽ നിന്നും ഭൂമി ഏറ്റെടുക്കുന്നതിൻെറ സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി 2025 ജുലൈ 26 തീയതിയിലെ 2765 നമ്പർ-ാം നമ്പർ കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജുലൈ 25-ാം തീയതിയിലെ വിജ്ഞാപനം നമ്പർ DCKLM/3363/2022/LA3 പ്രകാരം ചുമതലപ്പെടുത്തിയിരിക്കുന്നു. ആയതിനാൽ പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹ്യ പ്രത്യാഘാത പഠനത്തിനുള്ള നടപടികൾ നിർവ്വഹിക്കുന്നതിന് രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസ്സസ് ഉത്തരവാദിത്തപ്പെട്ടിരിക്കുന്നു.

**8.3 സാങ്കേതിക സഹായം ഉൾപ്പടെ കാര്യക്ഷമതാ നിർമ്മാണ പദ്ധതിയോ കാര്യക്ഷമതാ ശേഷിയോ ആവശ്യമായ് വരുന്നുണ്ടെങ്കിൽ വിവരിക്കുക**

ബാധകമല്ല

**8.4 ഓരോ പ്രവർത്തനത്തിനും വേണ്ട സമയക്രമം**

നിർദ്ദിഷ്ട ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപന ത്തിനുമുള്ള അവകാശചട്ടങ്ങൾ, 2015 അനുശാസിക്കുന്ന സമയക്രമം ബാധകമായിരിക്കും.

# അദ്ധ്യായം 9

# സാമൂഹ്യ പ്രത്യാഘാതം കൈകാര്യം ചെയ്യുന്നതിനുള്ള ബഡ്ജറ്റും സാമ്പത്തിക നടപടികളും

## 9.1. സാമൂഹ്യ പ്രത്യാഘാത ലഘൂകരണ പദ്ധതിയുടെ ബഡ്ജറ്റും സാമ്പത്തിക നടപടികളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നിർവ്വഹണത്തിന് വേണ്ടി ചുമതലപ്പെട്ടിരിക്കുന്ന ഉദ്യോഗസ്ഥൻ ഏറ്റെടുക്കപ്പെടുന്ന സ്ഥലത്തിന് ഭൂമിയുടെയും പ്രദേശത്തിൻെറയും പ്രത്യേകതകൾ പരിഗണിച്ച് കൊണ്ട് നിയമാനുസൃതമായ വിലയും ഭൂമിയിലുള്ള ആസ്തികളുടെ വിലയും നിർണ്ണയിക്കുകയും, കുടുംബങ്ങൾക്ക് ഉണ്ടാകുവാനിടയുള്ള വിവിധങ്ങളായ പ്രത്യാഘാതങ്ങൾ ദൂരീകരിക്കുന്നതിന് ഉതകുന്ന വിധത്തിൽ നഷ്ടപരിഹാരവും പുനരധിവാസ– പുനസ്ഥാപന പാക്കേജും തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

## 9.2. വാർഷിക ബഡ്ജറ്റും ആസൂത്രണ പ്രവർത്തനങ്ങളും

പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടികൾക്കായുള്ള നഷ്ടപരിഹാരവും പുനരധിവാസ – പുനസ്ഥാപന പാക്കേജും നൽകുന്നതിനുള്ള സാമ്പത്തിക രൂപരേഖ തയ്യാറാക്കുന്നതിന് സ്പെഷ്യൽ തഹസിൽദാർ. (എൽ.എ.) കൊല്ലം ചുമതലപ്പെട്ടിരിക്കുന്നു.

## 9.3. സാമ്പത്തിക സ്രോതസ്സ് തരം തിരിച്ച്

ഉടമകൾക്ക് നഷ്ടമാകുന്ന ഭൂമിക്കും ചമയങ്ങൾക്കും നിയമാനുസൃതമായ നഷ്ടപരിഹാരം നൽകണം

# അദ്ധ്യായം 10

# സാമൂഹ്യ പ്രത്യാഘാത ദുരീകരണ പദ്ധതി മേൽനോട്ടവും മൂല്യനിർണ്ണയവും

## 10.1. മേൽനോട്ടവും മൂല്യനിർണ്ണയവും – പ്രധാന സൂചികകൾ

- ഭൂമിയുടെ വിലയും നഷ്ടപരിഹാരവും
- സമയാധിഷ്ടിതമായ പുനരധിവാസ – പുനസ്ഥാപന നടപടികൾ
- പ്രദേശത്തിന്റെ പരിസ്ഥിതിക്ക് ദോഷം വരാത്ത വിധത്തിലുള്ള നിർമ്മാണ പ്രവർത്തനം
- പദ്ധതി പ്രദേശത്തുനിന്നും നിർമ്മാണ മാലിന്യങ്ങളുടെ ശാസ്ത്രീയവും സമയാധിഷ്ടിതവുമായ നീക്കം ചെയ്യൽ

## 10.2. റിപ്പോർട്ടിങ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനായി പത്തനാപുരം വില്ലേജിൽപ്പെട്ട 50 സർവ്വേ നമ്പരുകളിൽ നിന്നുമായി ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുന്നതിന്റെ റിപ്പോർട്ടിംഗ് രീതിയും മേൽനോട്ട കർത്തവ്യങ്ങളും കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനു മുള്ള അവകാശ ചട്ടങ്ങൾ, 2015 പ്രകാരമായിരിക്കും. ഈ പദ്ധതിക്ക് വേണ്ടി 2013 ലെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം പ്രകാരമുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾക്ക് ചുമതല വഹിക്കുന്നത് സ്പെഷ്യൽ തഹസിൽദാർ (എൽ.എ.) കൊല്ലം ആണ്. അഡ്മിനിസ്ട്രേറ്ററുടെ കീഴിൽ സ്പെഷ്യൽ തഹസിൽദാർ തയ്യാറാക്കുന്ന പുനഃരധിവാസ–പുനഃസ്ഥാപന സ്കീമിന്റെ അന്തിമ രേഖ ജില്ലാതല പുനരധിവാസ പുനസ്ഥാപന കമ്മിറ്റി അന്തിമമാക്കുകയും സംസ്ഥാന തല മോണിറ്ററിംഗ് കമ്മിറ്റി അംഗീകാരം നൽകുകയും ചെയ്യണം.

## 10.3. സ്വതന്ത്ര വിലയിരുത്തലിനുള്ള പദ്ധതി

നിർദ്ദിഷ്ട പദ്ധതിക്ക് സ്വതന്ത്ര മൂല്യ നിർണ്ണയം വിഭാവനം ചെയ്തിട്ടില്ല.

# അദ്ധ്യായം 11

## നേട്ടങ്ങളും നഷ്ടങ്ങളും – അപഗ്രഥനം, ശുപാർശകൾ

### 11.1 പൊതു ആവശ്യം, കുറഞ്ഞ സ്ഥാനഭ്രംശം, ആവശ്യമായ ഏറ്റവും കുറവ് സ്ഥലം, സാമൂഹ്യ പ്രത്യാഘാതത്തിൻെറ സ്വഭാവവും തീവ്രതയും, നഷ്ടം നികത്തുവാനുതകുന്ന സമൂഹ്യ പ്രത്യാഘാത ദുരീകരണ ആസൂത്രണം എന്നിവയെക്കുറച്ചുള്ള അന്തിമ നിഗമനം

കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ പത്തനാപുരം വില്ലേജിൽ ബൈപ്പാസ് നിർമ്മിക്കുന്നതാണ് നിലവിലെ പദ്ധതി. നിർദ്ധിഷ്ട പദ്ധതി, അതായത് പുനലൂർ മൂവാറ്റുപുഴ റോഡിൽ കല്ലുകടവ് പാലം കഴിഞ്ഞ് ഇൻഡ്യൻ ഓയിൽ പെട്രോൾ പമ്പിൻെറ മുന്നിൽ നിന്നും ആരംഭിച്ച് കേരള വാട്ടർ അതോറിറ്റി ഓഫീസ് വഴി സീമ തീയറ്ററിനു സമീപത്തുകൂടി വന്ന് ബഥേൽ ഗോസ്പൽ അസംബ്ലി ഹെഡ് ഓഫീസിനു സമീപമുള്ള ഏ വൺ വാട്ടർ സർവ്വീസ് സെൻറർ ഭാഗത്തായി  പുനലൂർ മൂവാറ്റുപുഴ റോഡിൽ തന്നെ അവസാനിക്കുന്നു. പത്തനാപുരം ജംഗ്ഷനിലെ നിലവിലെ ഗതാഗത കുരുക്ക് കുറയ്ക്കുകയും, മേൽപറഞ്ഞ നഗരങ്ങളിലേക്കുൾപ്പെടെയുള്ള സഞ്ചാരം സുഗമമാക്കുകയും, കച്ചവടസാധ്യതകൾ ഉയർത്തുകയുമാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്.

നിർദ്ധിഷ്ട പദ്ധതിയുടെ ആകെ നീളം 1.8 കിലോമീറ്ററും, കാരിയേജ് വേയും, മീഡിയനും, ഇരുവശങ്ങളിലും ഫൂട് പാത്തും, ഡ്രയിനേജും ഉൾപ്പെടെ ആകെ വീതി 7.5 മീറ്ററുമാണ്.

റോഡ് കടന്നുപോകുന്ന പ്രധാനപെട്ട ജങ്ഷനുകളെലുടെ നവീകരണവും, കല്ലുകടവ് തോടിനു കുറുകെ 12 മീറ്റർ നീളത്തിലും 10.5 മീറ്റർ വീതിയിലും 1.5 മീറ്റർ വീതമുള്ള നടപ്പാതയോടും കൂടിയുള്ള ഒരു പാലവും ഇതിനോടോപ്പം വിഭാവനം ചെയ്തിട്ടുള്ളതാണ്.

ഭൂമി ഏറ്റെടുക്കുമ്പോൾ ഭൂവുടമകൾക്ക് കൈവശമായ സ്ഥലത്തിൽ കുറവ് വരുകയും ഭൂമിയോട് ചേർന്നുള്ള ചമയങ്ങൾ നഷ്ടമാകുകയും ചെയ്യുന്നുണ്ട്. പദ്ധതി ബാധിതമാകുന്ന സ്ഥലത്തെ പഠന സംഘം വിവരങ്ങൾ ശേഖരിച്ച 50 കുടുംബങ്ങളിൽ ഒരു വീട് ഭാഗികമായും, ബാധിക്കപ്പെടുകയും ചെയ്യും. 2 കുടുംബങ്ങളുടെ വരുമാന മാർഗ്ഗമായ കടകൾ നഷ്ടമാകുകയും ചെയ്യും പദ്ധതി ബാധിത പ്രദേശത്തെ നിരവധി മരങ്ങൾ നഷ്ടമാകുകയും  ചെയ്യും. പദ്ധതിക്ക് വേണ്ടി നിലവിലെ രൂപരേഖ പ്രകാരം ഭൂമി ഏറ്റെടുക്കുമ്പോൾ മേൽ വിവരിച്ച പ്രത്യാഘാതങ്ങൾ ഉണ്ടായേക്കാം എങ്കിലും പദ്ധതി

പ്രദേശത്ത് കൂടെയുള്ള ഗതാഗതം സുഗമമാക്കി പ്രദേശത്തിൻെറ സമഗ്ര വികസനത്തിന് കാരണമാകും എന്നതിനാൽ ഭൂരിഭാഗം ഭൂവുടമകൾക്കും പദ്ധതിയോട് അനുകൂല നിലപാടാണുള്ളത്.

## 11.2. മുകളിൽ പറഞ്ഞിരിക്കുന്ന വിലയിരുത്തലുകൾ തുലനം ചെയ്യുമ്പോൾ ഭൂമി ഏറ്റെടുക്കാമോ ഇല്ലയോ എന്നതിനുള്ള അന്തിമ ശുപാർശ

ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസ ത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013, കേരള ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാ പനത്തിനുമുള്ള അവകാശ ചട്ടം 2015, പ്രസ്തുത നിയമത്തിൻെറയും ചട്ടങ്ങളുടെയും വെളിച്ചത്തിൽ കേരള സംസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിന് കേരള സർക്കാർ റവന്യൂ (ബി) വകുപ്പ് പുറപ്പെടുവിച്ച 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No. 485/2015/RD പ്രകാരവും 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/ 2017/RD പ്രകാരവും പദ്ധതി ബാധിത കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകി കൊണ്ട് കൊല്ലം ജില്ലയിലെ പത്തനാപുരം താലൂക്കിൽ ബൈപ്പാസ് നിർമ്മിക്കുന്നതിനായി പത്തനാപുരം വില്ലേജിൽ നിന്നുമായി ഏകദേശം 97.97 ആർ ഭൂമി ഏറ്റെടുക്കുന്ന പദ്ധതി താഴെ പറയുന്ന നിർദ്ദേശങ്ങൾ കൂടി പരിഗണിച്ച് കൊണ്ട് നടപ്പിലാക്കാവുന്നതാണ് എന്ന് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ പഠന സംഘം ശുപാർശ ചെയ്യുന്നു.

- ഭൂമി നഷ്ടമാകുന്ന ഭൂവുടമകൾക്ക് RFCTLARR Act 2013 പ്രകാരമുള്ള നഷ്ടപരിഹാരം നൽകേണ്ടതാണ്
- വീടിനോട് ചേർന്നുള്ള ഗേറ്റ്, ചുറ്റുമതിൽ മുതലായ നിർമ്മിതികൾ നഷ്ടമാകുന്ന ഭൂവുടമകൾക്ക് അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കണം
- പദ്ധതിനിർമ്മാണ ഘട്ടത്തിൽ പദ്ധതിരൂപരേഖയോട് ചേർന്ന് വരുന്ന കെട്ടിടങ്ങളിൽ കുടുംബങ്ങൾക്ക് താമസത്തിനോ ഉപജീവന പ്രവർത്തനത്തിനോ തടസം നേരിട്ടാൽ, നിജസ്ഥിതി പരിശോധിച്ച്, പ്രസ്തുത കാലഘട്ടത്തിൽ ബദൽ നടപടികൾ സ്വീകരിക്കേണ്ടതാണ്
- ഏറ്റെടുക്കലിൽ ഭാഗികമായോ, ചെറിയ തോതിലൊ പദ്ധതി ബാധിതമാകുന്ന കെട്ടിടങ്ങളോ വീടുകളോ പദ്ധതിക്കായി പൊളിക്കേണ്ടിവന്നാൽ ടി കെട്ടിടങ്ങളുടെ

അവശേഷിക്കുന്ന ഭാഗങ്ങൾക്ക് ബലക്ഷയം ഉണ്ടാകുന്നുണ്ടോ എന്ന് കൃത്യമായി വിലയിരുത്തി നഷ്ടപരിഹാരം തീരുമാനിക്കേണ്ടതാണ്.

- ഏറ്റെടുക്കലിനുശേഷം അവശേഷിക്കുന്ന മിച്ചഭൂമി ഉടമയ്ക്ക് ഉപയോഗയോഗ്യ മല്ലെങ്കിൽ, നിജസ്ഥിതി പരിശോധിച്ച് പൂർണ്ണമായ ഏറ്റെടുക്കലിന് പരിഗണിക്കേണ്ടതാണ്.
- ഏറ്റെടുക്കുന്ന ഭൂമിയിൽ പ്രവർത്തിക്കുന്ന കച്ചവട വ്യാപാരസ്ഥാപനങ്ങളും അതിൽ നിന്നുമുള്ള വരുമാനവും നഷ്ടമാകുന്ന ഭൂവുടമകൾക്കും മേൽപറഞ്ഞ സ്ഥലങ്ങളിൽ 3 വർഷമോ അതിലധികമോ ആയി വാടകക്ക് പ്രവർത്തിക്കുന്നവർക്കും തൊഴിലാളികൾക്കും നിയമാനുസൃതമായ നഷ്ടപരിഹാരം സമയാധിഷ്ഠിതമായി നൽകണം
- ഭുവുടമകൾക്ക് റബ്ബർ, തെങ്ങ്, പ്ലാവ്, തേക്ക്, മാവ്, അമ്പഴങ്ങ, റമ്പൂട്ടാൻ, കുരുമുളക്, വിവിധ പച്ചക്കറി കൃഷികൾ തുടങ്ങിയവ നഷ്ടമാകുന്നു. ഈ വസ്തുതകൾ കണക്കിലെടുത്ത് അർഹമായ നഷ്ടപരിഹാരം നൽകുന്നത് പരിഗണിക്കണം
- പദ്ധതി നിർമ്മാണ ഘട്ടത്തിലും നിർവ്വഹണത്തിനു ശേഷവും സമീപത്തുള്ള ഭൂമിയിലേക്ക് പോകുവാൻ കഴിയുന്ന വിധത്തിൽ മതിയായ വഴി ലഭ്യമാക്കണം.
- പദ്ധതി നിർമ്മാണഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള പൊടി ശല്യവും യന്ത്രസാമഗ്രികളുടെ ശബ്ദവും കഴിയുന്നത്ര കുറക്കുന്നതിനുള്ള ശാസ്ത്രീയമായ നടപടികൾ നിർമ്മാണ ഘട്ടത്തിനു മുൻപേതന്നെ ആസൂത്രണം ചെയ്യണം.
- പദ്ധതി നിർമ്മാണ ഘട്ടത്തിൽ ഉണ്ടാകുവാനിടയുള്ള മാലിന്യങ്ങൾ ശാസ്ത്രീയമായി, യഥാസമയം നിർമാർജ്ജനം ചെയ്യുന്നതിനുള്ള നടപടികൾ മുൻകൂട്ടി ആസൂത്രണം ചെയ്ത് നടപ്പിലാക്കണം
- പദ്ധതിക്ക് വേണ്ടി വെട്ടിമാറ്റപ്പെടുന്ന വൃക്ഷങ്ങൾക്ക് പകരമായി വൃക്ഷതൈകൾ നട്ട് പിടിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.
- നിർദ്ദിഷ്ട ഭൂമിയേറ്റെടുക്കൽ പദ്ധതിയും നഷ്ടപരിഹാര നടപടികളും കാലതാമസം കൂടാതെ നടപ്പിലാക്കുക

## സൂചനകൾ

1. ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശനിയമം 2013

2. കേരളഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനഃരധിവാസത്തിനും പുനഃസ്ഥാപനത്തിനുമുള്ള അവകാശ ചട്ടം 2015

3. കേരള സർക്കാർ – റവന്യൂ(ബി) വകുപ്പ് 23.09.2015 തീയതിയിലെ ഉത്തരവ് നമ്പർ G.O(MS)No.485/2015/RD പ്രകാരമുള്ള ഭൂമി ഏറ്റെടുക്കലിൽ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കുമുള്ള നയം

4. കേരള സർക്കാർ റവന്യൂ(ബി)വകുപ്പിന്റെ 29/12/2017 തീയതിയിലെ ഉത്തരവ് നമ്പർ G.O(Ms)No.448/2017/RD പ്രകാരം പുറപ്പെടുവിച്ച കേരള സംസ്ഥാനത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള പുനരധിവാസ പുനസ്ഥാപന പാക്കേജ് തീരുമാനിക്കുന്നതിനുള്ള നയം

5. 2025 ജുലൈ 26–ാം തീയതിയിലെ ഗസറ്റ് നമ്പർ 2765 വാല്യം 14 കേരള ഗസറ്റിൽ (അസാധാരണം) പ്രസിദ്ധപ്പെടുത്തിയ കൊല്ലം ജില്ലാ കളക്ടറുടെ 2025 ജുലൈ 25-ാം തീയതിയിലെ DCKLM/3363/2022/LA3 നമ്പർ വിജ്ഞാപനം